# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കരവാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/224/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 10/02/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരവാരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരവാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരവാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/224/2026 തീയ്യതി: 10/02/2026

# തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രതാപ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 06-01-2026 | 17-01-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-01-2026 | 17-01-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി.എസ്., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ലേഖ എം.എൽ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരികൃഷ്ണൻ ആർ., ഓഡിറ്റർ
ശ്രീ നീരജ് ഡി.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷിബുലാൽ വി | പ്രസിഡന്റ് | 01-04-2024 | 10-11-2024 |
| ശ്രീ സജീർ എസ് | പ്രസിഡന്റ് | 11-11-2024 | 31-03-2025 |
| ശ്രീമതി ബേബി സരോജം ഡി | സെക്രട്ടറി | 01-04-2024 | 07-04-2024 |
| ശ്രീ എഡ്വിൻ ബെഞ്ചമിൻ | സെക്രട്ടറി | 08-04-2024 | 18-08-2024 |
| ശ്രീ കെവി സുരേഷ് | സെക്രട്ടറി | 19-08-2024 | 10-03-2025 |
| ശ്രീ എഡ്വിൻ ബെഞ്ചമിൻ | സെക്രട്ടറി | 11-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ഫാവദ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ വിഷ്ണു എസ് രാജ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ സന്തോഷ് രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ ഷീന പീറ്റർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീ എഡ്വിൻ ബെഞ്ചമിൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ അനൂപ് ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ ആസിഫ് ഖാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2024 | 31-03-2025 |
| ശ്രീമതി രജിത റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2024 | 31-03-2025 |
| ഡോ മനോജ് | മെഡിക്കൽ ഓഫീസർ(FHC) | 01-04-2024 | 31-03-2025 |
| ശ്രീമതി നസീറ ബീവി എ. | അസി. എഞ്ചിനീയർ (ഇൻ ചാർജ്) | 01-04-2024 | 27-05-2024 |
| ശ്രീ. സാജ് എം. | അസി. എഞ്ചിനീയർ (ഇൻ ചാർജ്) | 27-05-2024 | 09-09-2024 |
| ശ്രീമതി ദീപിക എസ്. | അസി. എഞ്ചിനീയർ | 09-09-2024 | 31-03-2025 |
| ശ്രീമതി ബിന്ദു കെ. | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്. | 01-04-2024 | 12-06-2024 |
| ശ്രീ. ജ്യോതികുമാർ ആർ. | ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്. | 13-06-2024 | 31-03-2025 |
| ശ്രീമതി ബേബി സജിനി റാഹൂഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 08-09-2024 |
| ശ്രീമതി ബിനു ആർ.ബി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-09-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല | 1-1-3 |
| 5 | പൂർത്തീകരിക്കാത്ത ചെലവുകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് | 1-1-5 |
| 7 | ആസ്തി നിർമ്മാണത്തിനായുള്ള തുകകൾ ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല | 1-1-6 |
| 8 | ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ഉൾപ്പെടുത്തുന്നില്ല | 1-1-8 |
| 10 | മെയിന്റനൻസ് ഗ്രാന്റിൽ നിന്നുള്ള ചെലവ് ആസ്തി നിർമ്മാണച്ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-9 |
| 11 | നിക്ഷേപപ്രവൃത്തികൾ - കണക്കുകൾ കൃത്യമല്ല | 1-1-10 |
| 12 | NREGS- കണക്കുകൾ ക്യാഷ് ബുക്കിലേതുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | കെട്ടിടനികുതി - വരവ്, ബാലൻസ് തുകകൾ സോഫ്റ്റ് വെയറിലേതുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമപെൻഷനുകൾ | 1-6 |
| 19 | ക്യാഷ് പരിശോധന | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | എം.എൻ.ആർ.ഇ.ജി.എസ് - വിവിധ പ്രോജക്ടുകളിലെ അപാകങ്ങൾ | 1-9-1 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല | 1-11-1 |
| 25 | കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രിയും കെ സ്മാർട്ട് പോർട്ടിംഗും പൂർത്തീകരിച്ചിട്ടില്ല. | 1-11-2 |
| 26 | വസ്തു നികുതി പുനർ നിർണയം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു | 1-11-3 |
| 27 | വസ്തു നികുതി നിർണ്ണയം - തെറ്റായി നികുതി നിർണയിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നു | 1-11-4 |
| 28 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം -നികുതി പുനർ നിർണയിക്കേണ്ടതാണ് | 1-11-5 |
| 29 | വസ്തു നികുതി - അപാകങ്ങൾ | 1-11 |
| 30 | തൊഴിൽ നികുതി - വിവിധ അപാകങ്ങൾ | 1-12 |
| 31 | വഞ്ചിയൂർ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം - ലേല നിബന്ധന പാലിച്ചില്ല | 1-13 |
| 32 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ | 1-14 |
| 33 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകം | 1-15 |
| 34 | FTE&OS ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-16 |
| 35 | കെട്ടിടനിർമാണ പെർമിറ്റ് അനുവദിക്കുന്നതിലും രജിസ്റ്റർ പരിപാലനത്തിലും അപാകം | 1-17 |
| 36 | തനത് വരുമാനം - നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാകം | 1-18 |
| 37 | മൺചട്ടിയിലെ പച്ചക്കറി കൃഷി - സർക്കാർ ഉത്തരവുകൾ പാലിക്കാതെ വാങ്ങൽ നടത്തി | 1-19 |
| 38 | പച്ചക്കറി കൃഷി 2024-25 - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-20 |
| 39 | ഗെയിം ഫെസ്റ്റ് നടത്തിപ്പ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു | 1-21 |

| | | |
|---|---|---|
| 40 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - വിവിധ അപാകങ്ങൾ | 1-22 |
| 41 | ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല | 1-23 |
| 42 | ബഡ്സ് സ്കൂൾ യാത്രാ സൗകര്യം - വാഹന പരിപാലനത്തിൽ അപാകം | 1-24 |
| 43 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (BRC) പ്രവർത്തനം | 1-25 |
| 44 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-26 |
| 45 | സബ്സെന്ററുകളുകളിൽ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ - ജെം മുഖനേയുള്ള പ്രോക്യൂർമെന്റ് വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-27 |
| 46 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല | 1-28 |
| 47 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു | 1-29 |
| 48 | ജലജീവൻ മിഷൻ - അവലോകനം | 1-30 |
| 49 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല - 20,53,095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 50 | ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ - പദ്ധതി അപാകതകൾ | 1-32 |
| 51 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല | 1-33 |
| 52 | അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതി - അപാകതകൾ | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കായുള്ള ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9. |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കരവാരം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരവാരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.
വാർഷികധനകാര്യപത്രികയിലെ അപാകതകളും അവയെ സംബന്ധിച്ച് നൽകിയ എൻക്വയറി(നം 10,12)യ്ക്കുള്ള മറുപടിയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

## 1-1-1 വാർഷിക അനുപാതങ്ങൾ സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.
ആയവ സോഫ്റ്റ്‌വെയർ പ്രകാരം ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാലാണ് ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിക്കാത്തതെന്ന് ഇതോടനുബന്ധിച്ചുള്ള എൻക്വയറിക്ക് (നം. 10) മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-1-2 ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക സമർപ്പിച്ചിട്ടില്ല

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നിർണയം) ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പത്രിക സോഫ്റ്റ് വെയർ പ്രകാരം ലഭ്യമാകാത്തതിനാലാണ് ധനകാര്യപത്രികയോടൊപ്പം സമർപ്പിക്കാത്തതെന്നാണ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്.

## 1-1-3 പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ രണ്ടു പ്രാവശ്യം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 22.10.24, 31.03.2025 |
| 110100102 | Property Tax On Non Residential Building | 22.10.24, 31.03.2025 |
| 110200105 | Profession Tax Traders | 22.10.24, 31.03.2025 |
| 110200101 | Profession Tax Institution | 22.10.24 |

വരും വർഷങ്ങളിൽ പ്രതിമാസ ഡിമാന്റ് തയ്യാറാക്കി ജേണൽ എൻട്രി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-4 പൂർത്തീകരിക്കാത്ത ചെലവുകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. (ഉദാ:- ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം)
സോഫ്റ്റ്‌വെയറിൽ ആയതിനുള്ള ക്രമീകരണം വരുത്തുന്ന മുറയ്ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തുന്നതാണെന്ന് എൻക്വയറിക്ക് (നം 10) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-5 ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു.

I) Union Bank MGNREGA (061122010000783) 28.12.24 To 29.03.25

Ii) SBI (34075477348) 02.04.24 To 31.03.25

Iii) Bank Of Baroda (11220100019190) 30.04.24 To 31.03.25

Iv) Canara Bank (11017255513) 06.02.25 To 31.03.25

പ്രതിമാസ റീക്കൺസീലിയേഷൻ നടത്തിയ ശേഷമാണ് ബാങ്കിൽ നേരിട്ടു ലഭ്യമായ തുകകൾക്ക് അടുത്തമാസം രസീതുകൾ രേഖപ്പെടുത്തിയത്. ആകയാലാണ് ക്രെഡിറ്റ് ബാലൻസ് വന്നതെന്നാണ് മറുപടി.

## 1-1-6 ആസ്തി നിർമ്മാണത്തിനായുള്ള തുകകൾ ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല

ബാലൻസ് ഷീറ്റ് B-11(B) പ്രകാരം Capital Work In Progress എന്ന ഇനത്തിൽ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതി നം. 246/25, 294/25, 334/25 എന്നിവ മുഖേന യഥാക്രമം 70,738/-രൂപ, 2,88,000/-രൂപ, 17,000/-രൂപ എന്നീ തുകകൾ തൻവർഷം ആസ്തിനിർമ്മാണത്തിനായി നൽകിയിട്ടുണ്ട്.
വരുംവർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-1-7 ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല

ചുവടെപ്പറയുന്ന ഇനങ്ങളുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ധനകാര്യപത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | AFS പ്രകാരം ചെലവ് |
|---|---|---|
| വികസനഫണ്ട്(Gen) | 2,62,35,937 | 2,62,18,177 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 89,52,489 | 87,86,005 |
| CFC Tied | 60,38,009 | 47,07,892 |
| CFC Untied | 28,81,461 | 28,90,735 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 10)മറുപടി ലഭ്യമാക്കിയില്ല

## 1-1-8 സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ഉൾപ്പെടുത്തുന്നില്ല

KPR (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതികപരിശോധന ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ (Stock In Hand-Inventories) ഉൾപ്പെടുത്തിയിട്ടില്ല.
സോഫ്റ്റ്‌വെയറിൽ ആയതിനുള്ള സിസ്റ്റം ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-1-9 മെയിന്റനൻസ് ഗ്രാന്റിൽ നിന്നുള്ള ചെലവ് ആസ്തി നിർമ്മാണച്ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു

മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 9,69,390/- രൂപ ആസ്തിനിർമ്മാണത്തിനായി ചെലവഴിച്ചിട്ടുള്ളതായി B3 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക ഏത് പ്രവൃത്തിക്കാണ് വിനിയോഗിച്ചിട്ടുള്ളത് എന്ന അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-10 നിക്ഷേപപ്രവൃത്തികൾ - കണക്കുകൾ കൃത്യമല്ല

നിക്ഷേപപ്രവൃത്തികളെ സംബന്ധിച്ച അപാകതകൾ ചുവടെച്ചേർക്കുന്നു. ആവശ്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

I) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിനായി (പദ്ധതി നം. 136/25) നൽകിയ 1,82,582/- രൂപയുടെ വിവരം ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലും ഈ വിവരം രേഖപ്പെടുത്തിയിട്ടില്ല.

Ii) ഭൂജലവകുപ്പിന് നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകയിൽ 1,700,590/- രൂപ വിനിയോഗിച്ചതായി ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, 1,300,090/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ഫയലിലുള്ളത്.

Iii) ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂർ നൽകിയ ഇനത്തിൽ 42,302/- രൂപ തൻവർഷം മുന്നിരിപ്പുണ്ടായിരുന്നത് ക്രമീകരിച്ചതായി ധനകാര്യപത്രികയിൽ സൂചനയുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 1-1-11 NREGS- കണക്കുകൾ ക്യാഷ് ബുക്കിലേതുമായി പൊരുത്തപ്പെടുന്നില്ല

MGNREGSന്റെ വരവുചെലവു തുകകൾ വാർഷിക ധനകാര്യപത്രികയിലേതും ക്യാഷ് ബുക്കിലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | AFS പ്രകാരം | Cash Book പ്രകാരം |
|---|---|---|
| വരവ് | 16,96,725 | 16,72,478.21 |
| ചെലവ് | 15,61,809 | 15,37,599 |

ഇതോടനുബന്ധിച്ചുള്ള എൻക്വയറിക്ക് (നം. 12)വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-12 കെട്ടിടനികുതി - വരവ്, ബാലൻസ് തുകകൾ സോഫ്റ്റ് വെയറിലേതുമായി പൊരുത്തപ്പെടുന്നില്ല

Property Tax On Residential/ Nonresidential Building എന്നിവയിലെ വാർഷികധനകാര്യപത്രികയിലെ തുകകളും (മുൻവർഷ B-15) സഞ്ചയ സേഫ്റ്റ് വെയറിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|
| | ധനകാര്യപത്രിക പ്രകാരം | സഞ്ചയ പ്രകാരം | ധനകാര്യപത്രിക പ്രകാരം | സഞ്ചയ പ്രകാരം |
| Property Tax On Residential Building(Current) | 20,77,612 | 20,77,824 | 2,86,237 | 4,21,988 |
| Property Tax On Nonresidential Building(Current) | 19,19,169 | 19,13,762 | 1,53,826 | 4,55,277 |

ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം. 12) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| അംഗീകരിച്ച തീയതി | 07.02.2024 | 27.02.2025 |
| ഭരണസമിതി തീരുമാനം | 1(1) | 2(1) |
| മുന്നിരിപ്പ് | 3,72,72,232 | 5,02,11,117 |
| പ്രതീക്ഷിത വരവ് | 65,19,70,900 | 72,25,91,915 |
| ആകെ | 68,92,43,132 | 77,28,03,032 |
| പ്രതീക്ഷിത ചെലവ് | 65,08,77,400 | 73,55,61,775 |
| നീക്കിയിരിപ്പ് | 3,83,65,732 | 3,72,41,257 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,23,22,139/- |
| വരവ് | 8,79,87,792/- |
| ആകെ | 13,03,09,931/- |
| ചെലവ് | 7,61,28,864/- |
| നീക്കിയിരിപ്പ് | 5,41,81,067/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,36,93,200 | 2,36,93,200 | 2,62,35,937 | -25,42,737 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,13,96,715 | 1,13,96,715 | 1,34,63,900 | -20,67,185 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 1,09,83,116 | 1,09,83,116 | 60,38,009 | 49,45,107 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 47,61,933 | 47,61,933 | 28,81,461 | 18,80,472 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 1,15,16,000 | 1,15,16,000 | 89,52,489 | 25,63,511 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 2,30,88,000 | 2,30,88,000 | 2,19,05,021 | 11,82,979 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 17,10,025 | -17,10,025 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 12,10,000 | -12,10,000 |

*സോഴ്സ് ഡിഡക്ഷൻ തുക വികസന ഫണ്ട് ജനറൽ, എസ് സി പി ഇനങ്ങളിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

**1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

**എ)**

| ക്രമ നം | നിർവ്വഹണം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 11 | 9 | 2 | 52,89,243 | 39,56,609 | 75 |
| 2 | വെറ്ററിനറി സർജൻ | 12 | 12 | - | 35,57,337 | 30,70,220 | 86 |
| 3 | എം.ഒ. പി.എച്ച്.സി. | 21 | 16 | 5 | 85,45,985 | 62,09,866 | 73 |
| 4 | എം.ഒ. ആയുർവേദം | 3 | 3 | - | 5,30,000 | 5,30,000 | 100 |
| 5 | എച്ച്.എം.ഗവ.യു.പി. എസ്. | 5 | 4 | 1 | 12,92,038 | 5,86,982 | 45 |
| 6 | ഫിഷറീസ് ഓഫീസർ | 2 | 2 | - | 80,000 | 80,000 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16 | 13 | 3 | 81,60,446 | 5686851 | 70 |
| 8 | സെക്രട്ടറി | 44 | 30 | 14 | 1,37,89,188 | 1,34,96,666 | 98 |
| 9 | എച്ച്.എം.ഗവ.എൽ.പി. എസ്. | 3 | 3 | - | 1,86,364 | 1,80,564 | 97 |
| 10 | വി.ഇ.ഒ./എൽ.വി.ഇ.ഒ. | 15 | 13 | 2 | 7,72,02,200 | 1,60,30,000 | 21 |
| 11 | വി.ഇ.ഒ | 16 | 11 | 5 | 68,48,584 | 24,45,203 | 36 |
| 12 | എ.ഇ., എൽ.എസ്.ജി.ഡി. | 113 | 80 | 33 | 6,24,91,097 | 4,04,90,704 | 65 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | - | 32,07,213 | 14,07,505 | 44 |
| 14 | അസിസ്റ്റന്റ് സെക്രട്ടറി | 24 | 19 | 5 | 63,75,945 | 34,31,289 | 54 |

**അംഗീകാരം ലഭിക്കുന്ന പദ്ധതികൾ തൻവർഷം തന്നെ നടപ്പാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.**

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 2,91,65,878 | 2,62,35,937 | 90 |
| എസ്.സി.പി. | 1,60,61,362 | 1,34,63,900 | 84 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,84,39,107 | 89,19,470 | 48 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 55,00,521 | 17,10,025 | 31 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2,16,74,800 | 12,10,000 | 5.6 |
| തനത് ഫണ്ട് | 1,11,44,066 | 58,59,785 | 53 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 2,80,75,323 | 64,36,429 | 23 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 2,47,91,395 | 15,34,262 | 6.2 |
| മെയിന്റനൻസ് റോഡ് | 2,70,43,800 | 2,19,05,021 | 81 |
| മെയിന്റനൻസ് റോഡിതരം | 1,31,45,078 | 89,52,489 | 68 |
| മറ്റുള്ളവ | 6,27,99,428 | 48,87,930 | 7.8 |

## 1-6 ക്ഷേമപെൻഷനുകൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂ.) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 44,76,600 | 270 |
| വിധവ പെൻഷൻ | 2,35,83,100 | 1643 |
| വാർദ്ധക്യകാല പെൻഷൻ | 4,44,59,900 | 3205 |
| വികലാംഗ പെൻഷൻ | 65,69,200 | 430 |
| വിവാഹ ധനസഹായം | 60,000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,38,800 | 23 |

## 1-7 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2026 തീയതിയിൽ 12.35 PM സമയത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,809/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കുറവ് ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ പൊതുവേ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ചില ന്യൂനതകളും കാണുന്നു. രജിസ്റ്ററുകൾ വൗച്ചറുകൾ ഫയലുകൾ എന്നിവ സെക്ഷന്റെ ഉത്തരവാദിത്തമായി ഏൽപിച്ചു നൽകിയിട്ടുണ്ട്. കെ സ്മാർട്ട് നിലവിൽ വന്ന ശേഷം Personal Register സൂക്ഷിക്കുന്നില്ല. സോഫ്റ്റ്വെയറിൽ ഫയൽ ഡിറ്റൈൽസ് ലഭിക്കുന്നത് കാരണം കെ സ്മാർട്ട് സോഫ്റ്റ്വെയറിൽ ഫയൽ അപ്ഡേഷൻ കിട്ടുന്നു. ഫയൽ നോട്ട് കെ സ്മാർട്ട് വഴി എഴുതുന്നു. ജൂനിയർ സൂപ്രണ്ട് ഫയൽ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സെക്രട്ടറിക്ക് നൽകുന്നുണ്ട്. എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു. ഫയലുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഇൻകുംബൻസി രജിസ്റ്റർ, പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. നിലവിൽ കെ സ്മാർട്ട് ആയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ജനറൽ കമ്മിറ്റി മിനിട്ട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് എന്നിവ യഥാസമയം ക്ലോസ് ചെയ്ത് പരിപാലിക്കുന്നുണ്ട്. ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2024-25 വർഷം മൂന്ന് ഗ്രാമസഭകൾ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഗ്രാമസഭ മിനിട്ട്സ് എഴുതി സൂക്ഷിച്ചു വരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടി പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല. അക്കൗണ്ടുകൾ കുറ്റമറ്റ രീതിയിൽ പരിപാലിച്ച് വരുന്നു. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ സമയപരിധിക്കുള്ളിൽ തീർപ്പ് കല്പിക്കുകയും മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് പരിപാലിച്ചു വരുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല. പദ്ധതികളുടെ ആസൂത്രണം, അവയുടെ സംഘാടനം, ലക്ഷ്യപ്രാപ്തി, ഉദ്ദേശ്യ ശുദ്ധി എന്നിവയിൽ കുറച്ച് കൂടി ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഓരോ പദ്ധതികളും ആവിഷ്ക്കരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കൃത്യമായി വിലയിരുത്തി, അവ പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഗുണദോഷങ്ങൾ, ഫലപ്രാപ്തി എന്നിവ കൂടി കണക്കിലെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-9-1 എം.എൻ.ആർ.ഇ.ജി.എസ് - വിവിധ പ്രോജക്ടുകളിലെ അപാകങ്ങൾ

2024-25 വർഷത്തിൽ എം.എൻ.ആർ.ഇ.ജി.എസ്. മുഖേന നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) ഫയൽ പരിപാലനം സംബന്ധിച്ച അപാകങ്ങൾ**

എം.എൻ.ആർ.ഇ.ജി.എസ്. മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ അനുബന്ധം 2 പ്രകാരമുള്ള ഫയൽ ട്രാക്കിംഗ് ഫോറം, ജനകീയ എസ്റ്റിമേറ്റ്, മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് എന്നിവയും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും വിവിധ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുള്ളവയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ അപൂർണമാണ്. കൂടാതെ വിജിലൻസ് & മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുകയോ സന്ദർശന വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല

ഉദാ: വർക്ക് കോഡ് നം. 1614003001/RC/414711, വർക്ക് കോഡ് നം. 1614003001/RC/414717 ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട് (എൻക്വയറി നം. 39/14.01.2026).

**2) എം.ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ**

വിവിധ പ്രോജക്ടുകളുടെ എം ബുക്കിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിവിധ ദിവസങ്ങളിൽ മെഷർമെന്റ് നടപ്പാക്കിയ തീയതി, മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ വിവരം എന്നിവയും എം.ബുക്കിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ എം.ബുക്ക് ഇഷ്യൂ ചെയ്ത തീയതിക്ക് മുമ്പായി പ്രവൃത്തികൾ ആരംഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഉദാ: വർക്ക് കോഡ് നം. 1614003001/RC/414717, വർക്ക് കോഡ് നം. 1614003001/RC/415853

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്(എൻക്വയറി നം.39/14.01.2026).

**3) മസ്റ്റർ റോൾ പരിപാലനത്തിലെ അപാകങ്ങൾ**

I) മസ്റ്റർ റോളുകൾ മേറ്റ്, ഓവർസീയർ/ എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
Ii) എല്ലാ റോഡ് പ്രവൃത്തികളുടെയും സെമിസ്കിൽഡ്/സ്കിൽഡ് മസ്റ്റർ റോളുകളിൽ ഒപ്പ് രേഖപ്പെടുത്തുന്നതിന് പകരം ടിക് മാർക്ക് ഉപയോഗിച്ചാണ് ഹാജർ രേഖപ്പെടുത്തിയിട്ടുള്ളത്.

Iii) വിവിധ തീയതികളിൽ അൺസ്കിൽഡ് മസ്റ്റർ റോളുകളിൽ ഒപ്പ് രേഖപ്പെടുത്തിയ ശേഷം ആയത് തിരുത്തൽ വരുത്തിയിട്ടുണ്ട്. കൂടാതെ വിവിധ ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്തുകയോ Absent രേഖപ്പെടുത്തുകയോ ചെയ്യാതെ കോളങ്ങൾ ഒഴിച്ചിട്ടിട്ടുണ്ട്.

ഉദാ: വർക്ക് കോഡ് നം. 1614003001/RC/414711 എന്ന പ്രവൃത്തിയിൽ മസ്റ്റർ റോൾ നമ്പർ. 41297 ൽ ക്രമ നമ്പർ 3 ലില്ലിക്കുട്ടി എസ് എന്നയാൾ 03.03.2025, 04.03.2025, 05.03.2025 തീയതികളിൽ ഒപ്പിട്ട ശേഷം ആയത് തിരുത്തി Absent രേഖപ്പെടുത്തി. കൂടാതെ 06.03.2025 മുതൽ 09.03.2025 വരെ വിവിധ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുകയോ Absent വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ NMMS സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തിയതിനാലാണ് ഫിസിക്കൽ അറ്റൻഡൻസിൽ അപാകം സംഭവവിച്ചതെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട് (എൻക്വയറി നം. 39/14.01.2026).

Iv)

| | |
|---|---|
| വർക്ക് കോഡ് | 1614003001/RC/415098 |
| പ്രവൃത്തിയുടെ പേര് | മുല്ലമംഗലം റോഡ് കോൺക്രീറ്റിംഗ് |
| എം.ബുക്ക് നം | R18/2024-25 |
| എസ്റ്റിമേറ്റ് തുക | 4,96,450/- |
| ചെലവ് തുക | 3,13,917/- |

വർക്ക് കോഡ് നം. 1614003001/RC/415098 – മുല്ലമംഗലം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ മസ്റ്റർ റോൾ നമ്പർ. 43387 ൽ ക്രമ നമ്പർ 1. നജീം എന്നയാൾ 25.03.2025, 27.03.2025 തീയതികളിലെ ഹാജർ Absent ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടിയാൾക്ക് പ്രതിദിനം 850/- രൂപ നിരക്കിൽ 2,550/- രൂപ അധികം നൽകിയിട്ടുണ്ട്.(Wage List Number 1614003SWL17958)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ NMMS സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തിയതിനാലാണ് ഫിസിക്കൽ അറ്റൻഡൻസിൽ അപാകം സംഭവവിച്ചതെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട് (എൻക്വയറി നം. 39/14.01.2026).

V)

| | |
|---|---|
| വർക്ക് കോഡ് | 1614003001/RC/415853 |
| പ്രവൃത്തിയുടെ പേര് | കുന്നുവാരം മേവർക്കൽ റോഡ് കോൺക്രീറ്റിംഗ് |
| എം.ബുക്ക് നം | നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| എസ്റ്റിമേറ്റ് തുക | 4,99,706/- |

| | |
|---|---|
| ചെലവ് തുക | 4,75,633/- |

കുന്നുവാരം മേവർക്കൽ റോഡ് കോൺക്രീറ്റിംഗ് നടപ്പാക്കുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പ്രവൃത്തിയുടെ അൺസ്കിൽഡ് മസ്റ്റർ റോൾ നം. 42720, ക്രമ നമ്പർ 4. മുഹമ്മദ് മാഹീൻ എന്ന തൊഴിലാളി 14.03.2025 തീയതിൽ ജോലിക്ക് ഹാജരായിട്ടില്ല. എന്നാൽ പ്രസ്തുത ദിവസത്തെ വേതനമായി ടിയാൾക്ക് 346/- രൂപ അനുവദിച്ചിട്ടുണ്ട്. മസ്റ്റർ റോൾ നം. 42720, 42722, 42723 എന്നിവ അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സെമിസ്കിൽഡ്/സ്കിൽഡ് മസ്റ്റർ റോൾ നം 43386, 43600 എന്നിവയിൽ മെഷർമെന്റ് ബുക്ക് സംബന്ധിച്ച വിവരം രേഖപ്പെടുത്തുകയോ പ്രവൃത്തിയുടെ മേറ്റ്, അക്രഡിറ്റഡ് എഞ്ചിനീയർ തുടങ്ങിയവർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട് (എൻക്വയറി നം. 38/14.01.2026). അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 16,96,725 | 16,96,725 | 15,61,809 | 1,34,916 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,58,79,802 | 5,58,79,802 | 5,58,79,802 | 0 |
| **ആകെ** | **0** | **5,75,76,527** | **5,75,76,527** | **5,74,41,611** | **1,34,916** |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 08.12.2022 | 18.04.22 – 22.09.22 | 06.01.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.05.2022 | 2019-20 | 19.11.2022 |

## 1-11-1 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും പ്രസ്തുത ആക്ടിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണെന്ന്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ൽ വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 1 മുതൽ 5 വരെയുള്ള വാർഡുകളിലെ 100 ചതുരശ്ര മീറ്ററും അതിൽ കൂടുതൽ വിസ്തീർണവുമുള്ള കെട്ടിടങ്ങളുടെ വിവരം മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല

| ക്രമ നം | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/502 | സ്നേഹലത | പാർപ്പിടം | 105 $M^2$ |
| 2 | 1/775 | നസീർ | പാർപ്പിടം | 140 $M^2$ |
| 3 | 1/826 | ശശിധരൻപിള്ള | പാർപ്പിടം | 100 $M^2$ |
| 4 | 2/476 | മുഹമ്മദ് കുഞ്ഞ് | പാർപ്പിടം | 130 $M^2$ |
| 5 | 3/39 | ഷംസുദ്ദീൻ | പാർപ്പിടം | 180 $M^2$ |
| 6 | 5/65 A | മോഹനൻ | പാർപ്പിടം | 165 $M^2$ |
| 7 | 5/167 | സതിപ്രകാശ് | പാർപ്പിടം | 100 $M^2$ |
| 8 | 5/187 | ഗീത | പാർപ്പിടം | 150 $M^2$ |
| 9 | 5/229 | ശാന്ത | പാർപ്പിടം | 143 $M^2$ |
| 10 | 5/231 | സജീവ് | പാർപ്പിടം | 120 $M^2$ |
| 11 | 5/258 | രഘു | പാർപ്പിടം | 121 $M^2$ |
| 12 | 5/291 | ദിലീപ് | പാർപ്പിടം | 180 $M^2$ |
| 13 | 5/315 | മനോജ് | പാർപ്പിടം | 180 $M^2$ |
| 14 | 5/324 | കുമാരി തങ്ക | പാർപ്പിടം | 100 $M^2$ |
| 15 | 5/331 | അനുരുദ്ധൻ | പാർപ്പിടം | 180 $M^2$ |
| 16 | 5/341 | ബിന്ദു | പാർപ്പിടം | 100 $M^2$ |
| 17 | 5/401 | ജനാർദ്ധനൻ | പാർപ്പിടം | 180 $M^2$ |
| 18 | 5/432 | ലതിക | പാർപ്പിടം | 180 $M^2$ |
| 19 | 5/433 | ലതിക | പാർപ്പിടം | 180 $M^2$ |
| 20 | 5/442 | ബൈജു | പാർപ്പിടം | 120 $M^2$ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/06.01.2026) കെ സ്മാർട്ടിൽ പരാതി രജിസ്റ്റർ ചെയ്ത് അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് രേഖപ്പെടുത്തി കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-2 കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രിയും കെ സ്മാർട്ട് പോർട്ടിംഗും പൂർത്തീകരിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടത്തുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 23.01.2018 ലെ സി3-6865/11 നമ്പർ സർക്കുലർ പ്രകാരം സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് 2013 മുതലുള്ള വസ്തു നികുതി നിർണയം അന്തിമമാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ 2025 മാർച്ച് 31 വരെയും സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള നികുതി നിർണയിച്ചിട്ടില്ല. കൂടാതെ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരം കെസ്മാർട്ട് മുഖേന പോർട്ട് ചെയ്തതായും കാണുന്നില്ല. ഉദാഹരണം ചുവടെ

| Building ID | Ward Year | Ward Number | Door Number | Owner Name | Filestatus In Sanchaya | File Status In K Smart |
|---|---|---|---|---|---|---|
| 50234010007494 | 2011 | 1 | 8 | SHAJI SHAMSUDEEN | Data Entry Ongoing | Not Ported |
| 50234010011082 | 2011 | 6 | 711 | R. J. Karunanidhi | DE Ongoing | Not Ported |
| 50234010011086 | 2011 | 6 | 712 | R. J. Karunanidhi | DE Ongoing | Not Ported |
| 50234010015067 | 2011 | 9 | 382 | Rajamma | For Approval | Not Ported |
| 50234010012313 | 2011 | 10 | 765 | Shaji | DE Ongoing | Not Ported |
| 50234010000472 | 2011 | 11 | 212 | Lali,Anilkumar | Approved | Not Ported |
| 50234010015007 | 2011 | 11 | 672 | Subitha | Approved | Not Ported |
| 50234010004273 | 2011 | 12 | 246 | K . Radhakrishnan Nair | Approved | Not Ported |
| 50234010002715 | 2011 | 14 | 455 | SHIHABUDEEN NAJEEM | For Approval | Not Ported |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/12.01.2026) കെ സ്മാർട്ടിൽ പരാതി രജിസ്റ്റർ ചെയ്ത് അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം വസ്തു നികുതി നിർണയിക്കാത്ത എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-3 വസ്തു നികുതി പുനർ നിർണയം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും 05.04.2023 ലെ സ.ഉ.(അച്ചടി) നം. 25/2023/തസ്വഭവ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലും ഭരണസമിതിയുടെ 11.09.2023 ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023 ന് ശേഷം വസ്തു നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിൽ 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6 രൂപയാണ് എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ 2023 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് മുൻവർഷങ്ങളിലെ നിരക്കായി ചതുരശ്ര മീറ്ററിന് 4 രൂപയാണ് ഈടാക്കിയിട്ടുള്ളത്.

| Ward No | Door No | Sub No | Total FloorArea |
|---|---|---|---|
| 16 | 476 | D | 265.02 |
| 15 | 335 | A | 239.03 |
| 6 | 456 | A | 229.8 |
| 10 | 471 | A | 197.73 |
| 1 | 439 | A | 192.58 |
| 14 | 543 | B | 190.98 |
| 18 | 235 | C | 189.58 |
| 14 | 333 | A | 181.71 |
| 3 | 188 | A | 179.14 |
| 8 | 386 | A | 178.43 |
| 15 | 195 | A | 157.41 |
| 9 | 633 | A | 157.1 |
| 4 | 300 | A | 146 |
| 15 | 281 | A | 138.4 |
| 10 | 530 | B | 137.76 |
| 18 | 263 | A | 133.6 |
| 9 | 631 | B | 130.31 |
| 1 | 945 | A | 128 |
| 4 | 276 | A | 120.09 |
| 9 | 631 | A | 118 |
| 4 | 294 | B | 114.6 |
| 1 | 365 | D | 111.42 |
| 15 | 444 | B | 107.46 |
| 11 | 696 | E | 104.96 |
| 6 | 104 | A | 101.59 |
| 11 | 696 | A | 98 |
| 9 | 546 | A | 97.06 |
| 14 | 682 | A | 95.58 |
| 11 | 481 | A | 91 |
| 14 | 658 | B | 90.59 |

| | | | |
|---|---|---|---|
| 14 | 398 | A | 90 |
| 15 | 399 | C | 89.73 |
| 10 | 917 | A | 86.4 |
| 17 | 52 | A | 86.1 |
| 4 | 120 | C | 85.1 |
| 3 | 369 | C | 80.23 |
| 10 | 900 | A | 80 |
| 16 | 119 | A | 80 |
| 16 | 546 | A | 70 |
| 14 | 172 | B | 66 |
| 15 | 243 | A | 62.3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/06.01.2026) കെ സ്മാർട്ടിൽ പരാതി രജിസ്റ്റർ ചെയ്ത് അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം വസ്തു നികുതി നിർണയിക്കാത്ത എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-4 വസ്തു നികുതി നിർണ്ണയം - തെറ്റായി നികുതി നിർണയിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നു

01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 8 രൂപയും 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 12 രൂപയുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 01.04.2024 മുതൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 8.4 രൂപയും 12.6 രൂപയുമാണ്. എന്നാൽ താഴെപ്പറയുന്ന 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ “300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 8.4 രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

എ)

| കെട്ടിട നം | ഉടമ | വിസ്തീർണം (ചതുരശ്ര മീറ്റർ ) | നികുതി നിർണയിച്ചത് |
|---|---|---|---|
| 2/12 A | മുഹമ്മദ് അനസ് | 609.17 | 2024 ഒന്നാം അർദ്ധവർഷം |

| ഇനം | ഈടാക്കിയത് (രൂപ) | ഈടാക്കേണ്ടത്(രൂപ) |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ) | 8.4 | 12.6 |
| അടിസ്ഥാന വസ്തു നികുതി | 5,117.028 | 7,675.542 |
| (-)ഇളവ് (10 %) | 511.7028 | 767.5542 |
| (+)വർദ്ധനവ് (ആകെ 35%) | 1,790.9598 | 2,686.4397 |
| ആകെ വസ്തു നികുതി | 6,397.00 | 9,595.00 |
| ലൈബ്രറി സെസ്സ് | 320 | 480 |
| ആകെ നികുതി | 6,717 | 10,075 |

ബി)

| കെട്ടിട നം | ഉടമ | വിസ്തീർണം (ചതുരശ്ര മീറ്റർ ) | നികുതി നിർണയിച്ചത് |
|---|---|---|---|
| 3/545/B | നിജാം, ഷീജ | 338.5 | 2024 ഒന്നാം അർദ്ധവർഷം |

| ഇനം | ഈടാക്കിയത് (രൂപ) | ഈടാക്കേണ്ടത്(രൂപ) |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ) | 8.4 | 12.6 |
| അടിസ്ഥാന വസ്തു നികുതി | 2,843.4 | 4,265.1 |
| (-)ഇളവ് (10%) | 2,84.34 | 426.51 |
| (+)വർദ്ധനവ് (ആകെ 35%) | 995.19 | 1,492.79 |
| ആകെ വസ്തു നികുതി | 3,555 | 5,332 |
| ലൈബ്രറി സെസ്സ് | 178 | 267 |
| ആകെ നികുതി | 3,733 | 5,599 |

2) 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 60 രൂപയും 100 ചതുരശ്ര മീറ്റർ മുതൽ 500 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 70 രൂപയായുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 01.04.2024 മുതൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 63 രൂപയും 73.5 രൂപയുമാണ്. എന്നാൽ താഴെപ്പറയുന്ന 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ “100 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 63 രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

എ)

| കെട്ടിട നം | ഉടമ | വിസ്തീർണം (ചതുരശ്ര മീറ്റർ ) | നികുതി നിർണയിച്ചത് |
|---|---|---|---|
| 14/698/C | സവിൻ, ബിൻസി മോൾ | 178.95 | 2024 രണ്ടാം അർദ്ധവർഷം |

| ഇനം | ഈടാക്കിയത് (രൂപ) | ഈടാക്കേണ്ടത്(രൂപ) |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ) | 63 | 73.5 |
| അടിസ്ഥാന വസ്തു നികുതി | 11,273.85 | 13,152.83 |
| (-)ഇളവ് ( 10%) | 1,127.385 | 1,315.283 |
| (+)വർദ്ധനവ് (ആകെ 20%) | 2,254.77 | 2,630.57 |
| ആകെ വസ്തു നികുതി | 12,402 | 14,469 |
| ലൈബ്രറി സെസ്സ് | 621 | 724 |
| ആകെ നികുതി | 13,023 | 15,193 |

ബി)

| കെട്ടിട നം | ഉടമ | വിസ്തീർണം (ചതുരശ്ര മീറ്റർ) | നികുതി നിർണയിച്ചത് |
|---|---|---|---|
| 18/330/B | നിസാം എം | 134.45 | 2023 രണ്ടാം അർദ്ധവർഷം |

| ഇനം | ഈടാക്കിയത് (രൂപ) | ഈടാക്കേണ്ടത്(രൂപ) |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ) | 63 | 73.5 |
| അടിസ്ഥാന വസ്തു നികുതി | 8,470.35 | 9,882.08 |
| (-)ഇളവ് ( 10%) | 847.035 | 988.208 |
| (+)വർദ്ധനവ് | - | - |
| ആകെ വസ്തു നികുതി | 7,625 | 8,893.87 |
| ലൈബ്രറി സെസ്സ് | 382 | 445 |
| ആകെ നികുതി | 8,007 | 9,339 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/12.01.2026) കെ സ്മാർട്ടിൽ പരാതി രജിസ്റ്റർ ചെയ്ത് അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിലൂടെ തുക കാലഹരണപ്പെടുന്ന പക്ഷം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 243 (3) പ്രകാരം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പന്ത്രണ്ട് ശതമാനം പലിശ സഹിതം പ്രസ്തുത തുക ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി മേൽ കെട്ടിടത്തിന്റെ നികുതി നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-5 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം -നികുതി പുനർ നിർണയിക്കേണ്ടതാണ്

2023 മാർച്ച് 31 വരെ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 50/- രൂപയും 100 ച.മീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി 30/- രൂപയുമായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023 മാർച്ച് 31 ന് മുമ്പ് നികുതി നിർണയിച്ച 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 30/- രൂപ കണക്കാക്കിയാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 8/46 A | ആകാശ് എ കുമാർ | ഷോപ്പ് | 138.91 $M^2$ |
| 2 | 8/294 A | രതീശൻ | ഷോപ്പ് | 148 $M^2$ |
| 3 | 8/382 A | നാസർ | ഷോപ്പ് | 115 $M^2$ |
| 4 | 16/148 A | സബിതാ ബീവി | ഷോപ്പ് | 128 $M^2$ |
| 5 | 17/424 A | താഹിറാ ബിഗം | ഷോപ്പ് | 107 $M^2$ |

മേൽ കെട്ടിടങ്ങൾക്ക് 01.04.2024, 01.04.2025 തീയതികളിൽ മുൻവർഷത്തെ നികുതിയുടെ 5% വർദ്ധനവും വരുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത നികുതി വർദ്ധനവും നാളിതുവരെ വരുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/06.01.2026) കെ സ്മാർട്ടിൽ പരാതി രജിസ്റ്റർ ചെയ്ത് അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിലൂടെ തുക കാലഹരണപ്പെടുന്ന പക്ഷം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 243 (3) പ്രകാരം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം പ്രസ്തുത തുക ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആയതിനാൽ അടിയന്തിരമായി മേൽ കെട്ടിടത്തിന്റെ നികുതി നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തും അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നു കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-12 തൊഴിൽ നികുതി - വിവിധ അപാകങ്ങൾ

1)1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3 ൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ) നം.1149/2024/LSGD തീ.27.06.2024 പ്രകാരം 2024 രണ്ടാം അർദ്ധവർഷം മുതൽ നികുതി സ്ലാബുകൾ പുനർ നിർണയിച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിൽ 2024-25 വർഷത്തിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും യഥാർത്ഥ സ്ലാബ് നിരക്കിലല്ല തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് | ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | വെറ്റിനറി ഡിസ്പെൻസറി | രണ്ടാം അർദ്ധ വർഷം | ശ്രീലത എസ് കാഷ്വൽ സ്വീപ്പർ | 49,000 | 750 | 450 | 300 |
| 2 | ഹോമിയോ ഡിസ്പെൻസറി | രണ്ടാം അർദ്ധ വർഷം | ദീപകുമാരി ഡി അറ്റൻഡർ | 51,000 | 750 | 450 | 300 |
| 3 | കുടുംബാരോഗ്യ കേന്ദ്രം | രണ്ടാം അർദ്ധ വർഷം | പ്രസീത ലാബ് ടെക്നീഷ്യൻ | 60,000 | 750 | 600 | 150 |
| 4 | | | ഷീന ഫാർമസിസ്റ്റ് | 48,000 | 750 | 450 | 300 |
| 5 | | | ചിന്നു ഡോബി | 48,000 | 750 | 450 | 300 |
| 6 | വെൽകെയർ ഹോസ്പിറ്റൽ | രണ്ടാം അർദ്ധ വർഷം | ജിജി ജെ റിസപ്ഷനിസ്റ്റ് | 69,000 | 750 | 600 | 150 |
| 4 | | | മീനു ആർ റിസപ്ഷനിസ്റ്റ് | 69,000 | 750 | 600 | 150 |
| 5 | | | സരസൻ എൽ സെക്യൂരിറ്റി | 58,800 | 750 | 450 | 300 |
| 6 | | | സുബൈദ ബീവി ക്ലീനർ | 27,600 | 450 | 180 | 270 |
| 7 | | | ഷിമോൾ എ റിസപ്ഷനിസ്റ്റ് | 34,500 | 600 | 300 | 300 |
| 8 | | | ലീന കെ. ക്ലീനർ | 27,600 | 450 | 180 | 270 |
| 9 | എം എം ജെ സി ഇംഗ്ലീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധ വർഷം | റെബിയ എ പ്രിൻസിപ്പാൾ | 24,000 | 450 | 180 | 270 |
| 10 | | | റയ്ഹാനത്ത് ടീച്ചർ | 18,000 | 450 | 180 | 27 |
| 11 | | | ഷൈജ ടീച്ചർ | 18,000 | 450 | 180 | 270 |
| 12 | | | സിമി ആർ ഹമീദ് ടീച്ചർ | 18,000 | 450 | 180 | 270 |
| 13 | | | ലിജി എം ടീച്ചർ | 18,000 | 450 | 180 | 270 |
| 14 | | | അൻസി മോൾ ടീച്ചർ | 18,000 | 450 | 180 | 270 |
| 15 | | | റസീല ടീച്ചർ | 18,000 | 450 | 180 | 270 |
| 16 | | | സനൂജ | 12,000 | 320 | 120 | 200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഹെൽപ്പർ & പ്യൂൺ | | | | |
| 17 | | | മുരളീധരൻ പിള്ള<br>സൂപ്പർവൈസർ | 54,000 | 750 | 500 | 250 |
| 18 | | | ജഗന്നാഥൻ<br>സൂപ്പർവൈസർ | 55,800 | 750 | 500 | 250 |
| 19 | | | ഷൺമുഖൻ<br>ബില്ലിങ് ക്ലാർക്ക് | 67,200 | 750 | 625 | 125 |
| 20 | | | ബിനു<br>ഡ്രൈവർ | 66,000 | 750 | 625 | 125 |
| 21 | കെ വി ബ്ലൂ മെറ്റൽസ് | രണ്ടാം അർദ്ധ വർഷം | വിജയൻ ചെട്ട്യാർ<br>ഡ്രൈവർ | 66,000 | 750 | 625 | 125 |
| 22 | | | മേഘനാഥൻ<br>പി സി ഓപ്പറേറ്റർ | 71,100 | 750 | 625 | 125 |
| 23 | | | കാബൂൾ ഷെയ്ഖ്<br>ഓപ്പറേറ്റർ | 72,000 | 750 | 625 | 125 |
| 24 | | | ഗദ്ദാർ<br>ഓപ്പറേറ്റർ | 75,000 | 750 | 625 | 125 |
| 25 | | | മാലിക് ചന്ദ് | 72,000 | 750 | 625 | 125 |
| 26 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം | ഗീതു ജി<br>ബ്രാഞ്ച് എക്സിക്യൂട്ടിവ് | 54,000 | 750 | 450 | 300 |
| 27 | മൈൻഡ് റിവൈവൽ സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ | രണ്ടാം അർദ്ധ വർഷം | സുധീഷ് കെ എസ്<br>വാർഡ് | 72,000 | 750 | 600 | 150 |
| 28 | ഡോ. ലക്ഷ്മി ആയുർവേദ ക്ലിനിക് | രണ്ടാം അർദ്ധ വർഷം | ഡോ. ലക്ഷ്മി പി<br>ഫിസിഷ്യൻ | 16,000 | 320 | 120 | 200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/13.01.2026) കുറവ് വന്ന തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യാഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

2)താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | കാലയളവ് |
|---|---|
| കെ വി ബ്ലൂ മെറ്റൽസ് | 2024-25 ഒന്നാം അർദ്ധവർഷം |
| അരബിന്ദോ പബ്ലിക് സ്കൂൾ | 2024-25 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| നിയാസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2024-25 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| വേ റ്റു ഇവന്റ് പാവല്ല | 2024-25 രണ്ടാം അർദ്ധവർഷം |
| വഞ്ചിയൂർ മിൽക്ക് സൊസൈറ്റി | 2024-25 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| തോട്ടക്കാട് മിൽക്ക് സൊസൈറ്റി | 2024-25 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/13.01.2026) തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നികുതി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

3)സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതി ഒടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/13.01.2026) തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

4)1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ, കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ ഡേറ്റാബേസും സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/13.01.2026) ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വഞ്ചിയൂർ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം - ലേല നിബന്ധന പാലിച്ചില്ല

വഞ്ചിയൂർ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനുള്ള ലേലം 24.08.2024 തീയതിയിൽ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ലേലത്തിൽ ശ്രീ. ഷാൻ, ബിസ്മില്ല, വഞ്ചിയൂർ എന്നയാൾ ക്വാട്ട് ചെയ്ത 39,000/- രൂപയാണ് ഏറ്റവും ഉയർന്ന ലേലത്തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലത്തുകയുടെ നാലിലൊന്ന് അപ്പോൾ തന്നെ അടക്കുകയും ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് അറിയിപ്പ് കിട്ടിയാലുടൻ മുഴുവൻ തുകയും ഒന്നിച്ച് അടക്കേണ്ടതാണെന്നും ലേലത്തുകയുടെ നിശ്ചിത ശതമാനം വരുന്ന തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വെക്കേണ്ടതാണെന്നും 16/08/2024ലെ SC2-300/2024 നമ്പർ പുനർലേല പരസ്യത്തിൽ വ്യക്തമാക്കുന്നു. എന്നാൽ ലേല ഡയറിയിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി ലേലം അംഗീകരിച്ചതിന്റെ വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല. 39,000/- രൂപ ലേലം വിളിച്ച തുക ലേലം കൊണ്ട വ്യക്തി രണ്ട് ഗഡുക്കളായി 11,000/- രൂപ 29/08/2024 തിയതിയിലും 28,000/- രൂപ 21/03/2025 തിയതിയിലും അടവാക്കുകയാണുണ്ടായത്. ലേലത്തുക അടവാക്കുന്നതിൽ കാലതാമസം വന്നതിൽ ലേലം കൊണ്ട വ്യക്തിയിൽ നിന്ന് പിഴത്തുക ഈടാക്കിയിട്ടില്ല. കൂടാതെ ലേലം കൊണ്ട വ്യക്തി മുദ്രപത്രത്തിൽ കരാർ ചമച്ചതും ഫയൽ പരിശോധനയിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (29/13.01.2026) മറുപടിയിൽ ലേലം കൊണ്ടയാൾ മുഴുവൻ തുകയും ഒടുക്കിയിട്ടുണ്ടെന്നും പിഴപ്പലിശ ഈടാക്കാൻ നോട്ടീസ് നൽകുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേലം സ്ഥിരപ്പെടുത്തി നൽകിയതിന്റെ കാരണം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക ഒടുക്കിയ വ്യക്തിയുടെ ലേലം സ്ഥിരപ്പെടുത്തിയതിന്റെയും, സമയബന്ധിതമായി തുക ഒടുക്ക് വരുത്താത്ത പ്രസ്തുത വ്യക്തിയിൽ നിന്നും പിഴ ഈടാക്കാത്തതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270, 271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷത്തിൽ രജിസ്ട്രേഷൻ നേടിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2024-25 ൽ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനം |
|---|---|---|---|
| 1 | 4/15 C | ഡോ ലക്ഷ്മി | ഡോ.ലക്ഷ്മീസ് ആയുർവേദ ക്ലിനിക്ക് & വെൽനസ് സെന്റർ |
| 2 | 1/452,453 | അജിത | കാരുണ്യ ക്ലിനിക്ക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (09/06.01.2026) മറുപടിയിൽ സ്ഥാപനങ്ങൾ ക്ലിനിക്കുകളായി പ്രവൃത്തിച്ചിരുന്നതിനാലാണ് രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും മേൽ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകം

1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2022-23 വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച നായകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലൈസൻസ് അനുവദിച്ച നായകൾ | ലൈസൻസ് ഫീസ് |
|---|---|---|
| 2022-23 | 269 | 7,300 |
| 2023-24 | 35 | 1,800 |
| 2024-25 | 23 | 1,100 |

W.P.(C) No. 13204/2021 കേസുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.08.2021 ലെ RC3/241/2021/LSGD നമ്പർ സർക്കുലർ പ്രകാരം എല്ലാ വളർത്തു നായകൾക്കും നിർബന്ധമായും ലൈസൻസ് എടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷത്തിൽ മാത്രമാണ് നായകൾക്ക് ലൈസൻസ് നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടുള്ളത്. തുടർവർഷങ്ങളിൽ ലൈസൻസ് നൽകുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (28/13.01.2026) മറുപടിയിൽ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 FTE&OS ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അനിവാര്യ ചുമതലകൾ പ്രകാരവും നിയമത്തിലെ വിവിധവകുപ്പുകൾ പ്രകാരവും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപനങ്ങൾ നടത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ നിന്നും അനുവാദവും ലൈസൻസും വാങ്ങേണ്ടതുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233, 234(3) വകുപ്പുകളിൽ ഇക്കാര്യം വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്തിനുള്ള നിയന്ത്രണാധികാരങ്ങൾ ഉപയോഗിക്കുന്നതിന് വ്യക്തത വരുത്തുന്നതിനായി 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

**ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല**

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ ലൈസൻസ് എടുക്കാത്തവയുണ്ടെന്നും ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തവയുണ്ടെന്നും വ്യക്തമായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**1) ട്രേഡേഴ്സ് ലിസ്റ്റിലെ സ്ഥാപനങ്ങളിൽ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടാത്തവ**

| കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| IV/156 | സജി | മഹാദേവ ബിൽഡിങ് വർക്ക്ഷോപ്പ് |
| IV/356 | സുനിൽകുമാർ എസ് | പെർഫെക്ട് എഞ്ചിനീയറിങ് വർക്ക്സ് |
| IV/90B | അജിലാൽ | ഗുഡ് വിൽ ബേക്കറി |
| XII/475C | ബിൻസി എം എസ് | അനന്തപുരി കാറ്ററിംഗ് സർവീസ് |
| XII/218A | ലിനു | ലിനു സ്റ്റേഷനറി സ്റ്റോർ |

**2)ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തവ**

| കെട്ടിടനമ്പർ | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| I/776C | സെയ്ഫുലി എസ് | ടോപ്പായോ മെൻസ് സ്റ്റോർ |
| I/90 | സിന്ധു ടി എസ് | നാസ്സ് ഏജൻസി |
| IV/519 | സുനിതകുമാരി | പ്രതീഷ് സ്റ്റോർ |
| I/457 | മുഹമ്മദ് ഇസഹാക്ക് | എയർ ട്രാവൽസ് & ഫോട്ടോകോപ്പി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/14.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃതമായ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കെട്ടിടനിർമാണ പെർമിറ്റ് അനുവദിക്കുന്നതിലും രജിസ്റ്റർ പരിപാലനത്തിലും അപാകം

2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടി ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ ജോലിക്കും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പക്ഷം, ഉടമ അനുബന്ധം എ1-ലെ ഫാറത്തിൽ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണന്ന് ചട്ടം 5(1)(ബി) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപേക്ഷ ലഭിക്കുമ്പോൾ, അപേക്ഷ ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം ലിഖിതമായ ഉത്തരവ് മുഖേന സെക്രട്ടറി ആയതിന് അനുമതി നൽകകയോ അല്ലെങ്കിൽ ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നും ചട്ടം 13 ൽ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2020 ലെ ആർ.എ 1/444/2019-തസ്വഭവ നമ്പർ സർക്കുലറിൽ കെട്ടിട നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണെന്നും ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2024-25 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത രജിസ്റ്റർ അപൂർണമായി എഴുതി സൂക്ഷിക്കുന്നതായി കാണുന്നു. പെർമിറ്റ് ഫീ, ഫയൽ മടക്കിയ തിയതി, അപേക്ഷകളിന്മേലുള്ള അപാകങ്ങൾ അറിയിച്ചുകൊണ്ട് അറിയിപ്പ് നൽകിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിവിധ അപേക്ഷകളിന്മേൽ സമയബന്ധിതമായി പെർമിറ്റ് അനുവദിക്കാത്തതായും ചില അപേക്ഷകളിൽ സ.ഉ.(കൈ) നം. 97/2024/LSGD തീയതി. 30-07-2024 ൽ നിഷ്കർഷിക്കുന്ന അപേക്ഷാ ഫീസിനേക്കാൾ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതായും കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**1) പെർമിറ്റ് നൽകിയതിലെ കാലതാമസം**

| അപേക്ഷ നം. തീയതി | പെർമിറ്റ് നൽകിയത് |
|---|---|
| 3939/24 തീ.19.09.2024 | 07.11.2024 |
| 4179/24 തീ.01.10.2024 | 01.11.2024 |
| 4382/24 തീ.15.10.2024 | 16.112024 |
| 5002/24 തീ.25.11.2024 | 28.01.2025 |

**2) കുറഞ്ഞ അപേക്ഷാ ഫീ ഈടാക്കിയ അപേക്ഷകൾ**

| അപേക്ഷ നം. തീ | തറവിസ്തീർണം | നിയമാനുസൃത അപേക്ഷ ഫീ | ഈടാക്കിയ ഫീ | കുറവ് |
|---|---|---|---|---|
| 4806/24 തീ.12.11.2024 | 345.96 ച.മീ | 2000 | 500 | 1,500 |
| 828/25 തീ.19.02.2025 | 1773 ച.മീ | 2000 | 500 | 1,500 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/16.01.2025) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ പൂർണവും കൃത്യവുമായി രേഖപ്പെടുത്തലുകൾ വരുത്തി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിപാലിക്കേണ്ടതും ആയത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്. പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതും യഥാർഥ നിരക്കിനേക്കാൾ കുറവ് അപേക്ഷാ ഫീ ഈടാക്കിയ അപേക്ഷകരിൽ നിന്നും ബാക്കി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 തനത് വരുമനം - നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാകം

1) സ.ഉ.(സാധാ) നം.2858/2024/ധന. തീയതി, 22.03.2024, സ.ഉ.(സാധാ) നം.179/2022/ധന. തീയതി, 18.10.2022 പ്രകാരം സാമ്പത്തിക വർഷത്തിൽ തനത് നികുതി നികുതിയേതര പിരിവ് 90% പൂർത്തിയാക്കാത്ത തദ്ദേശസ്ഥാപനങ്ങളുടെ

പൊതു വിഭാഗം ഫണ്ടിൽ നിന്നും 1% തുക കുറവ് ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Receivables For Property Tax On Residential Buildings(Current) | 2,86,237 |
| Receivables For Property Tax On Residential Buildings (Arrears) | 1,35,281 |
| Receivables For Property Tax On Non-Residential Building(Current) | 1,53,826 |
| Receivables For Property Tax On Non-Residential Buildings (Arrears) | 2,86,916 |
| Rent Receivables From Buildings(Current) | 13,368 |

2) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും പ്രസ്തുത നടപടി ആദ്യം ആരംഭിക്കാമായിരുന്നതായ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം ആരംഭിക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം നഷ്ട തുക ഈടാക്കേണ്ടതാണെന്നും വകുപ്പ് 243(3)ൽ വ്യക്തമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ റവന്യൂ റിക്കവറി പോർട്ടൽ മുഖനേ നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

**3)** 2023 ലെ കേരള ധനകാര്യ (2-ാം നമ്പർ ) ആക്ട് പ്രകാരം (നമ്പർ.15(2)/ലെഗ്.എ2/2023 നിയമം തീ. 28.03.2023) നികുതി, ഉപനികുതി, ഫീസ്, വാടക മുതലായവയുടെ കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, തന്റെ വാറണ്ടുപ്രകാരം, വീഴ്ച്ച വരുത്തുന്നവരുടെ, ജംഗമ വസ്തുക്കൾ ജപ്തി ചെയ്തു വിറ്റ് നേരിട്ട് ഈടാക്കാവുന്നതാണ്. കൂടാതെ ഏതെങ്കിലും കാരണത്താൽ വീഴ്ച വരുത്തുന്നവരുടെ വസ്തു ജപ്തി ചെയ്യുന്നതോ, വസ്തു പര്യാപ്തമാംവിധം ജപ്തി ചെയ്യുന്നതോ അപ്രായോഗികമാണെങ്കിൽ, സെക്രട്ടറിക്ക്, വീഴ്ക്കാരെ മജിസ്ട്രേട്ട് മുമ്പാകെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഇപ്രകാരം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മൺചട്ടിയിലെ പച്ചക്കറി കൃഷി - സർക്കാർ ഉത്തരവുകൾ പാലിക്കാതെ വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നമ്പർ | 188/2025 |
| പ്രോജക്ടിന്റെ പേര് | മൺചട്ടിയിൽ പച്ചക്കറി കൃഷി വനിത |
| അടങ്കൽ തുക | 1,72,500/- രൂപ (1,50,000 വികസന ഫണ്ട് + 22,500 ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 1,72,500/- രൂപ (1,50,000 വികസന ഫണ്ട് + 22,500 ഗുണഭോക്തൃ വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മൺചട്ടിയിൽ പച്ചക്കറി കൃഷി വനിത പദ്ധതി പ്രകാരം യൂണിറ്റിന് 2,000 രൂപ (ഒരു യൂണിറ്റിൽ 10 മൺചട്ടികളും പോട്ടിങ് മിശ്രിതവും Hybrid Vegetable Seedlings ഉം ഉൾപ്പെടുന്നു) വിലയുള്ള 100 യൂണിറ്റ് മൺചട്ടികൾ ടെണ്ടർ നടപടികൾ കൂടാതെ 2,00,000/- രൂപയ്ക്ക് AGRO SEVICE CENTRE, KILIMANOOR എന്ന സ്ഥാപനം മുഖേന വാങ്ങിയിട്ടുണ്ട് (2023-24 സാമ്പത്തിക വർഷത്തിൽ 27,500 രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി 1,72,500 രൂപയും ചിലവഴിച്ചിട്ടുണ്ട്). കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ മേൽ പദ്ധതി പ്രകാരം വാങ്ങൽ നടത്തിയത് സംബന്ധിച്ച തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സ.ഉ(സാധാ)നം.2854/2022/LSGD തീ. 18.11.2022 പ്രകാരം ടെൻഡർ നടപടികളിലൂടെയാണ് മൺചട്ടികൾ വാങ്ങേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ)നം.2388/2022/തസ്വഭവ തീയതി 30.09.2022, സർക്കുലർ നം.ഡിഎ1/386/2023-തസ്വഭവ തീ.30.01.2024 എന്നിവ പ്രകാരം കേരള കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ നിന്നു മാത്രമാണ് കളിമൺ പാത്രങ്ങൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/14.01.2026) ടെണ്ടർ ആവശ്യമില്ലാത്ത കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ അഗ്രോ സർവീസ് സെന്ററിനു പർച്ചേസ് ഓർഡർ നൽകിയാണ് നടപ്പിലാക്കിയതെന്ന മറുപടിയാണ് ലഭ്യമായത്. മറുപടി തൃപ്തികരമല്ല. അഗ്രോ സർവീസ് സെന്ററിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതും മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-20 പച്ചക്കറി കൃഷി 2024-25 - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 101/2025 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷി 2024-25 |
| അടങ്കൽ തുക | 3,56,250/- രൂപ (2,85,000 വി.ഫ + 71,250 ഗുണ.വി) |
| ചെലവ് തുക | 2,81,250/- രൂപ (2,25,000 വി.ഫ + 56,250 ഗുണ.വി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പച്ചക്കറി തൈ, മണ്ണിരക്കമ്പോസ്റ്റ് എന്നിവ 625/- രൂപയുടെ ഒരു യൂണിറ്റായി കണക്കാക്കി 570 യൂണിറ്റ് നൽകാനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. വിതരണ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽ വിലാസം | വാർഡ് | നൽകിയ യൂണിറ്റ് |
|---|---|---|---|
| 1 | സജിന . ടി, റാഷ തോട്ടയ്ക്കാട് | 18 | 1 |

| | | | |
|---|---|---|---|
| 2 | ലീലാകുമാരി, തുണ്ടിൽ വീട് | 5 | 2 |
| 3 | ജമീലാബീവി, ജസ്ല മനസിൽ | 3 | 1 |
| 4 | രാധാമണി അമ്മ, അശ്വതി ഭവൻ | 18 | 1 |
| 5 | ഗ്രേസി എസ്, കൃഷി ഭവൻ | 5 | 1 |
| 6 | ഷൈല, സുധീന മൻസിൽ | 15 | 1 |
| 7 | ഷാജിദ, ഉമർ കോട്ടേജ് | 15 | 1 |
| 8 | കുർഫിദ ബീവി, ഷംനാദ് മൻസിൽ | 15 | 1 |
| 9 | ദിവ്യ കെ.എസ്, നന്ദനം | 10 | 1 |
| 10 | ശ്രീദേവി, കാട്ടുവിള വീട് | 10 | 1 |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/16.01.2026) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഗെയിം ഫെസ്റ്റ് നടത്തിപ്പ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | SO123/25 |
| പ്രോജക്ടിന്റെ പേര് | ഗെയിം ഫെസ്റ്റ് |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1,20,000/- രൂപ (വികസനഫണ്ട്) |
| ചെലവ് | 96,957/- രൂപ |

ഗ്രാമപഞ്ചായത്തിൽ ഗെയിംസ് ഫെസ്റ്റ് നടത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ എന്നീ മത്സരങ്ങളുടെ നടത്തിപ്പിനായി ആകെ 96,957/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗെയിം ഫെസ്റ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പതിനാലാം പഞ്ചവത്സര പദ്ധതി, സബ്സിഡി മാർഗരേഖ ഖണ്ഡിക 7.7.1.(3) പ്രകാരം ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപനതല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയ യൂണിഫോമും ക്യാഷ് അവാർഡുകളും നൽകുന്നതിനും ട്രോഫിയും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം തുടങ്ങിയവ നൽകുന്നതിനും ഓരോ ഗെയിമിനും ഗ്രാമപഞ്ചായത്തുകൾക്ക് 30,000/- രൂപ ചെലവഴിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടിൽ രണ്ട് ദിവസങ്ങളിലായി നടപ്പാക്കിയ (11.01.2025, 12.01.2025) ഫെസ്റ്റിവലിന്റെ റിഫ്രഷ്മെന്റ് ചെലവുകൾക്കും മത്സരത്തിന്റെ സംഘാടനത്തിന്റെ ചെലവുകൾക്കും കായിക ഉപകരണങ്ങളുടെ ചെലവുകൾക്കും മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2) സബ്സിഡി മാർഗരേഖ ഖണ്ഡിക 7.7.1.(3) പ്രകാരം ഒരു ഗെയിമിന് ഗ്രാമപഞ്ചായത്തുകൾക്ക് 30,000/- രൂപ മാത്രമാണ് ചെലവഴിക്കാൻ അനുമതിയുള്ളത്. പ്രോജക്റ്റ് പ്രകാരം ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ എന്നീ കായിക ഇനങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളത്. എന്നാൽ മേൽ പ്രോജക്ടിൽ പരമാവധി 90,000/- രൂപ ചെലവഴിക്കുന്നതിന് പകരം 96,957/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (11/08.01.2026) അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | SO267/25 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 3,81,600/- രൂപ (വി.ഫ.എസ്.സി.പി) |
| ചെലവ് | 3,15,000/- രൂപ |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. 2022-23, 2023-24 വർഷങ്ങളിലെ സ്പിൽ ഓവർ പ്രോജക്ടായാണ് മേൽ പ്രോജക്റ്റ് നടപ്പാക്കിയത്. 2024-25 വർഷത്തിൽ താഴെപ്പറയുന്ന 3 ഗുണഭക്താക്കൾക്കാണ് പദ്ധതി തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | പേര് | കെട്ടിട നം. | കരാർ ചമച്ച തീയതി | ആകെ കൈപ്പറ്റിയ തുക (നാളിതുവരെ) |
|---|---|---|---|---|
| 1 | മീനുമോൾ പി, പ്രജിത് ഭവൻ | 7/368 | 16.12.2022 | 1,18,000/- |
| 2 | സബിത, സരിത വിലാസം | വിവരം ലഭ്യമാക്കിയിട്ടില്ല | 19.12.2022 | 2,00,000/- |
| 3 | ആദ്യ രാജ്, രാജ് വില്ല | വിവരം ലഭ്യമല്ല | 15.12.2022 | 1,75,000/- |

പദ്ധതി നടത്തിപ്പിലെ വിവിധ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ, അനുബന്ധ ഉത്തരവുകൾ (സ.ഉ(സാധാ)നം.738/2023/LSGD തീ.28.03.2023) എന്നിവ പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120

ചതുരശ്ര അടിയിൽ അധികരിക്കാതെയാണ് പഠനമുറി നിർമ്മിക്കേണ്ടത്. എന്നാൽ പദ്ധതി ഗുണഭോക്താക്കളായ സബിത ആർ, ആദ്യരാജ് എന്നിവർ സമർപ്പിച്ച അപേക്ഷയോടൊപ്പം നിലവിലുള്ള വീടിന്റെ വിവരം സംബന്ധിച്ച രേഖകൾ, പഠനമുറി നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെട്ടിട്ടില്ല. കൂടാതെ പഠന മുറി നിർമ്മാണത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലും പഠനമുറിയുടെ വിസ്തീർണം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ നിർമ്മാണത്തിന് മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) മീനുമോൾ പി, പ്രജിത് ഭവൻ എന്ന ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ്/ റഗുലറൈസേഷൻ പെർമിറ്റ് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഗുണഭോക്താവ് പഠനമുറി പൂർത്തീകരിച്ചെങ്കിലും പ്രസ്തുത പഠനമുറിയുടെ വിസ്തീർണം നാളിതുവരെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

3) 2022-23 വർഷത്തിലാണ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കരാർ ചമച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കരാറിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന വ്യവസ്ഥകളെ സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. കൂടാതെ മീനുമോൾ പി, ആദ്യ രാജ് എന്നിവർ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (16/12.01.2026) അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ. തീ. 19.04.2022] ഖ. 6.8 (1)പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഖ. 6.8(2) പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും അതോടൊപ്പം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിലവിലുള്ളതും പുതുതായി സൃഷ്ടിച്ച ബിൽഡിംഗ്, മൂവബിൾ & ഇമ്മൂവബിൾ അസറ്റുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/13.1.26) R-Track സോഫ്റ്റ് വെയർ മുഖേനയാണ് ആസ്തികൾ ഉൾപ്പെടുത്തുന്നതെന്നും കെട്ടിടങ്ങളും മൂവബിൾ അസെറ്റുകളും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താനുള്ള സൗകര്യം നിലവിൽ ഇല്ലാത്തതിനാലുമാണ് ഉൾപ്പെടുത്താത്തതെന്നും അറിയിച്ചു. സോഫ്റ്റ് വെയർ അപ്ഡേറ്റ് ആകുന്നതു വരെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-24 ബഡ്സ് സ്കൂൾ യാത്രാ സൗകര്യം - വാഹന പരിപാലനത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് നം | SO117/25 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ യാത്രാ സൗകര്യം |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1,70,000/- രൂപ (1,20,000 വി.ഫ + 50,000 ത.ഫ) |
| ചെലവ് | 1,18,522/- രൂപ (വി.ഫ) |

ഗ്രാമപഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികളുടെ യാത്രാ സൗകര്യവുമായി ബന്ധപ്പെട്ട ചെലവുകൾക്കാണ് മേൽ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. യാത്ര സൗകര്യത്തിനായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL16 N 4618 രജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള ബസാണ് ഉപയോഗിച്ചിട്ടുള്ളത്. വാഹന പരിപാലനത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 41/2008/ധനം. തീ. 02/08/2008 പ്രകാരം വാഹനം തൻമാസത്തെ യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വാഹനത്തിന്റെ ഇന്ധന ഉപഭോഗത്തിന്റെ സംക്ഷിപ്തം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ധനകാര്യ വകുപ്പിന്റെ 10.01.2024 ലെ 02/2024/ധന നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങളുടെ എല്ലാവിധ ഇൻഷുറൻസ് പോളിസികളും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വാഹനത്തിന്റെ 12.05.2024, 12.05.2025 തീയതികളിൽ എടുത്ത ഇൻഷുറൻസുകൾ ന്യൂ ഇന്ത്യ ഇൻഷുറൻസ് എന്ന സ്ഥാപനം മുഖേനയാണ്.

3) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ,തദ്ദേശ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ വീൽസ് ഡേറ്റാ ബേസിൽ (Www.Veels.Kerala.Gov.In) ഉൾപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ. 103/2021/ധന തീ.02.11.2021 പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ വാഹനത്തിന്റെ വിവരങ്ങൾ നാളിതുവരെ വീൽസ് ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 41/2008/ധനം. തീ .02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാവർഷവും നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. എന്നാൽ മേൽ വാഹനത്തിന്റെ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയതിന്റെ വിവരം ലോഗ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വാഹനത്തിന്റെ ലോഗ് ബുക്കിൽ വിവിധ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം 02.05.2024 ന് ശേഷം വാഹനം ഉപയോഗിച്ചിട്ടുള്ളത് 20.05.2024 ന് ആണ്. എന്നാൽ വാഹനം ഉപയോഗിക്കാത്തതിന്റെ കാരണം ലോഗ് ബുക്കിൽ വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (33/13.01.2026) അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (BRC) പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ തോട്ടയ്ക്കാട് എന്ന സ്ഥലത്താണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്. പ്രസ്തുത ബി.ആർ.സി. 1998 ലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ബി.ആർ.സിയിലെ വിശദാംശം ചുവടെ

| | | |
|---|---|---|
| ബി.ആർ.സി ലെ കുട്ടികളുടെ എണ്ണം (31.03.2025 ലെ കണക്ക്) | ആൺ | 18 |
| | പെൺ | 11 |
| തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബ്രൽ പാൾസി) ബാധിച്ച കുട്ടികളുടെ എണ്ണം | 6 | |

നിലവിൽ ബി.ആർ.സി. 1848 ച.അടി വിസ്തീർണമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ കെട്ടിടത്തിന് നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കിയിട്ടില്ല.

| | | |
|---|---|---|
| ബി.ആർ.സി കെട്ടിടത്തിന്റെ അകെ വിസ്തീർണം(സ്ക്വയർ ഫീറ്റ്) | 1848 സ്ക്വയർ ഫീറ്റ് | |
| ചുറ്റുമതിൽ, ഗേറ്റ് സൗകര്യം | ലഭ്യമാണ് | |
| ബി.ആർ.സി കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി | 31.03.2025 വരെ | |
| ബി.ആർ.സി ഉൾപ്പെട്ട ഭൂമിയുടെ ആകെ വിസ്തീർണം | 15 സെന്റ് | |
| ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം | ലഭ്യമാണ് | |
| ടോയ്ലറ്റുകളുടെ എണ്ണം | ആൺകുട്ടികൾക്ക് | 1 |
| | പെൺകുട്ടികൾക്ക് | 1 |

ബി.ആർ.സിയിൽ ഫിസിയോതെറാപ്പിമുറി, ഓഫീസ് മുറി, ഒക്യൂപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി, ഭക്ഷണമുറി, സ്റ്റോർ, അടുക്കള, വിനോദ മുറി/സ്ഥലം എന്നിവ ലഭ്യമാണ്.

തൻവർഷം മൂന്ന് അധ്യാപകരും ഒരു ആയയുമാണ് ബി.ആർ.സി.യിൽ സേവനം ചെയ്തത്. സ്ഥാപനത്തിന് സ്വന്തമായി വാഹനം ഉണ്ട്.

| 2024-25 വർഷത്തിൽ ബി.ആർ.സി.ക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | | | | | ചെലവ് |
|---|---|---|---|---|---|
| തനത് ഫണ്ട്/പ്ലാൻ ഫണ്ട് | MLA/MP ഫണ്ട് | കുടുംബശ്രീ മുഖേന | സംഭാവന, മറ്റ് വരവുകൾ | ആകെ വരവ് | ആകെ ചെലവ് |
| 1218955 | 0 | 0 | ഇല്ല | 1218955 | 1218955 |

(അവലംബം : എൻക്വയറിനം. 05/06.01.2026). ബി.ആർ.സി. കെട്ടിടത്തിന്റെ ഫിറ്റ്നസ് ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന്റെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (02/06.01.2026)

1) 2024-25 വർഷം ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

| പ്രോ. നം | പേര് | Sector | നിർവഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 258 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ | സേവനം | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി | 4,12,310 | 4,12,080 |
| 259 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ | സേവനം | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി | 10,13,000 | 9,63,061 |

2) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തെ പലിശയുൾപ്പെടെയുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു

| ഹെഡ് | ഇനം | തുക |
|---|---|---|
| 320100202 | Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 6,49,671/- |
| 320100204 | Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 7,69,809/- |

## 1-27 സബ്സെന്ററുകളുകളിൽ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ - ജെം മുഖനേയുള്ള പ്രോക്യൂർമെന്റ് വ്യവസ്ഥകൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | SO259/25 |
| പ്രോജക്ടിന്റെ പേര് | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| അടങ്കൽ | 10,13,000/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 9,63,061/- |

എഫ്.എച്ച്.സിയിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം ലാബിൽ എയർ കണ്ടീഷനിംഗ് നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത എം.എസ് ഇലക്ട്രോണിക്സ്, കിളിമാനൂർ എന്ന സ്ഥാപനത്തിൽ നിന്നും 47,500/- രൂപയ്ക്ക് ബ്ലൂ സ്റ്റാർ 1.5 ടൺ എ.സി വാങ്ങുകയും ചെയ്തിട്ടുണ്ട്. ജി.ഒ(പി)നം.7/2019/SPD തീ. 26.04.2019, സർക്കുലർ നം. SPD-A2/2022-SPD തീ.09.05.2022 എന്നിവ പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും നിർബന്ധമായും GeM മുഖേന ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നാൽ GeM മുഖേനയല്ല മേൽ വാങ്ങൽ നടപ്പാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (18/12.01.2026) അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി നം, പേര് | SO 178/25, വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ തുക | 4,69,800/- രൂപ (വികസനഫണ്ട് ) |
| ചെലവ് തുക | 4,68,710/- രൂപ |
| ബിൽ നം തീയതി | 24010652058600163267/ 9.5.24 - 86,798/-<br>24010652058600163310/ 9.5.24 - 86,798/-<br>24010652058600163361/ 9.5.24 - 86,798/-<br>24010652058600163468/ 9.5.24 - 1,08,498/-<br>24010652058600163493 9.5.24 - 99,818/- |
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർ വൈസർ |

60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം നടത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. സബ്സിഡി മാർഗരേഖ പ്രകാരം 1.98 മീറ്റർ നീളവും 90 Cm വീതിയുമുള്ള (Front Leg-60, Back Leg-50) 8 MM കനമുള്ള പ്ലൈവുഡ് കട്ടിലാണ് വാങ്ങേണ്ടത്. പ്രസ്തുത സ്പെസിഫിക്കേഷനോട് കൂടിയ കട്ടിലാണ് ആർട്ട്കോ ൽ നിന്നം 4,68,710/- രൂപയ്ക്ക് ചുവടെ ചേർക്കുന്ന ഇൻവോയ്സ് പ്രകാരം ടെൻഡർ കൂടാതെ വാങ്ങിയിട്ടുള്ളത്.

| ക്രമ നം. | ഇൻവോയിസ് നം. | എണ്ണം | തുക (GST ഉൾപ്പെടെ) |
|---|---|---|---|
| 1 | ഇൻവോയിസ് നം. TVM 513 /9.2.24 | 20 | 86,798 |
| 2 | ഇൻവോയിസ് നം. TVM 514 /9.2.24 | 20 | 86,798 |
| 3 | ഇൻവോയിസ് നം. TVM 515 /9.2.24 | 20 | 86,798 |
| 4 | ഇൻവോയിസ് നം. TVM 835/22.3.24 | 25 | 1,08,498 |
| 5 | നം. TVM 827/21.3.24 | 23 | 99,818 |

എന്നാൽ മേൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനുള്ള കട്ടിൽ ആർട്ട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതായികാണുന്നില്ല (G.O.(Rt)No.30/2024/SPD തീ.07.03.2024). പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത (പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ) ഇനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ പാലിച്ച് ക്വട്ടേഷൻ/ ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാതെ കട്ടിൽ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/13.1.26) വരും വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ക്വട്ടേഷൻ സ്വീകരിച്ചു വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി. സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു

| | |
|---|---|
| പദ്ധതി നം, പേര് | SO 22/25 – സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ തുക | 15,79,950/- (വികസനഫണ്ട് 8,71,950/-, ബ്ലോക്ക് പഞ്ചായത്ത് 3,54,000/-, ജില്ലാ പഞ്ചായത്ത് 3,54,000/-) |
| ചെലവ് തുക | 15,79,950/- (വികസനഫണ്ട് 8,71,950/-, ബ്ലോക്ക് പഞ്ചായത്ത് 3,54,000/-, ജില്ലാ പഞ്ചായത്ത് 3,54,000/-) |
| ബിൽ നം. തീയതി | 24010652058601466806, തീയതി 6.3.25 – 2,32,500/-<br>24010652058601460747, തീയതി 6.3.25 – 3,34,875/-<br>24010652058601466807, തീയതി 6.3.25 – 4,70,250/-<br>24010652058601466805, തീയതി 6.3.25 – 14,250/-<br>240106520586055 6813, തീയതി 16.3.25 – 4,875/-<br>24010652058601556812, തീയതി 16.3.25 – 1,69,200/-<br>24010652058601556815, തീയതി 16.3.25 – 4,875/-<br>24010652058601360122,തീയതി 19.2.25 – 1,85,250/-<br>24010652058601377486, തീയതി 24.2.25 – 1,49,625/-<br>24010652058601417124, തീയതി 4.3.25 – 14,250/- |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |

പഞ്ചായത്തിൽ താമസിക്കുന്ന 40 ശതമാനമോ അതിലധികമോ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സ്കോളർഷിപ്പും മറ്റ് അലവൻസുകളും ഉൾപ്പടെ ഒരു

കുട്ടിയ്ക്ക് പരമാവധി നല്കാവുന്ന തുക 28,500/- ആണ്. പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ ഷംനാദ് എസ്. എന്ന കുട്ടിയ്ക്ക് ആകെ 33,750/- രൂപ നല്കിയതായി കാണുന്നു. ഷംനാദ് എം എന്ന മറ്റൊരു കുട്ടിയ്ക്ക് അർഹതപ്പെട്ട തുകയിൽ നിന്ന് 5,250/- രൂപ കുറവായി ആണ് നല്കിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/13.1. 26) ക്ലറിക്കൽ മിസ്റ്റേക്ക് കാരണമാണ് ഇത്തരത്തിൽ പിഴവ് സംഭവിച്ചതെന്നും അർഹതപ്പെട്ട തുക കുറവായി അനുവദിച്ച ഷംനാദ് എം. എന്ന കുട്ടിയ്ക്ക് 2025-26 വർഷം പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കി കുറവ് വന്ന 5,250/- രൂപ നല്കിയെന്നും ഷംനാദ് എസ്. എന്ന കുട്ടിയ്ക്ക് അധികം നല്കിയ 5,250/- രൂപ 25-26 വർഷത്തെ പദ്ധതി തുക നല്കുമ്പോൾ പ്രസ്തുത തുക കുറവ് ചെയ്ത് നല്കി ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു.

25-26 വർഷത്തെ സ്കോളർഷിപ്പ് തുക ക്രമീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 ജലജീവൻ മിഷൻ - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടി വെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം നം. കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

ജലജീവൻ മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി വാട്ടർ അതോറിറ്റിയിൽ നിന്നും സ്ഥാപനത്തിന് 5,00,000/- രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിക്കേണ്ട റോഡുകളുടെ പേര്, റോഡുകൾ മുറിച്ച നീളം, വീതി എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല എന്നും ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-31 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല - 20,53,095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ നിക്ഷേപപദ്ധതികളുടെ നിർവ്വഹണത്തിനായി ചുവടെപ്പറയും പ്രകാരം ഭൂജലവകുപ്പിന് തുക കൈമാറിയിട്ടുണ്ട്.

| പദ്ധതി | | ഫണ്ടിനം | നൽകിയ തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| നം. | പേര് | | | |
| 134 | കുഴൽക്കിണർ നിർമ്മാണം | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 4,99,970/- | 465/20.2.25 - 1,935/-<br>624/17.3.25 – 1,935/-<br>698/24.3.25 - 4,96,100/- |
| 278 | വിവിധ വാർഡുകളിൽ കുഴൽക്കിണർ റീമെയിന്റനൻസ് | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 4,00,000/- | 657/21.3.25 |
| 355 | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 11,53,125/- | 622/17.3.25 – 5,925/-<br>699/24.3.25 -11,47,200/- |
| | ആകെ | | 20,53,095/- | |

എന്നാൽ പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാക്കിയതായുള്ള വിനിയോഗസാക്ഷ്യപത്രം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ആകയാൽ 20,53,095/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ - പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 364/25, ഭൂമി വാങ്ങൽ എസ്.സി.പി |
| അടങ്കൽ തുക | 27,50,000/- (വികസന ഫണ്ട് SCP – 13,50,000/-)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം –5,00,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -9,00,000/- |
| ചെലവ് തുക | 13,50,000/- (വികസന ഫണ്ട് SCP) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 |
| ബിൽ നം. / തീയതി | 602/15.3.25 – 4,50,000/-<br>603/15.3.25 – 4,50,000/-<br>604/15.3.25 – 2,25,000/-<br>612/17.3.25 – 2,25,000/- |

ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ എസ് സി ഗുണഭോക്താക്കൾക്ക് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 2,25,000/- രൂപ വീതം ആകെ 13,50,000/- രൂപ വകയിരുത്തിയിരിക്കുന്നു. മേൽ പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് 2.25 ലക്ഷം രൂപ നിരക്കിൽ 13,50,000/- അനുവദിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ശ്രീമതി ബേബി, ശ്രീമതി ശ്രീലത, ശ്രീമതി ഉഷ എന്നിവർ വാങ്ങിയ ഭൂമിയുടെ പ്രമാണരേഖകൾ പ്രകാരം അവർ വാങ്ങിയ വസ്തുവിന്

2,00,000/- രൂപയാണ് വില രേഖപ്പെടുത്തിയിരിക്കുന്നത്. ഭൂമി നല്കിയ വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലാണ് തുക അനുവദിക്കേണ്ടതിനാൽ അപ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഭൂമി നല്കിയ വ്യക്തിയുടെ വിവരം | പ്രമാണ പ്രകാരം വില | അനുവദിച്ച തുക | തുക അനുവദിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | ശ്രീമതി ബേബി, ചരുവിളവീട്, മണ്ണൂർക്കോണം, ആലംകോട് | ശ്രീമതി ഷീജ, ലക്ഷ്മീ വിലാസം, പട്ട്ള, വഞ്ചിയൂർ Po | 2,00,000 (1 ആർ21 ച.മീ) | 2,25,000/- | 11220100011500 Bank Of Baroda, Alamcode |
| 2 | ശ്രീമതി ശ്രീലത, ചരുവിളവീട്, മണ്ണൂർക്കോണം, ആലംകോട് | ശ്രീമതി ഷീജ, ലക്ഷ്മീ വിലാസം, പട്ട്ള, വഞ്ചിയൂർ Po | 2,00,000 (1 ആർ21 ച.മീ) | 2,25,000/- | 11220100011500 Bank Of Baroda, Alamcode |
| 3 | ശ്രീമതി ഉഷ, ചരുവിളവീട്, മണ്ണൂർക്കോണം, ആലംകോട് | വിജയൻ, കൊച്ചുവീട്, മണ്ണൂർഭാഗം, ആലംകോട് | 2,00,000 (1 ആർ21 ച.മീ) | 2,25,000/- | 1122010008813 Bank Of Baroda, Alamcode |

വസ്തുവിന്റെ പ്രമാണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ അധിക തുക നല്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/ 9.1.26) മേൽ ഗുണഭോക്താക്കൾ സെന്റിന് 75,000/- രൂപ നിരക്കിൽ 2,25,000/- രൂപയ്ക്കാണ് 3 സെന്റ് ഭൂമി വാങ്ങിയതെന്നും വസ്തു വിറ്റ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിൽ 2,25,000/- രൂപ വരവ് വന്നിട്ടുണ്ടെന്നും ആധാരം എഴുതിയ സമയത്തുണ്ടായ ക്ളറിക്കൽ മിസ്റ്റേക്ക് കാരണം ജനറൽ കാറ്റഗറിക്ക് അനുവദനീയമായ 2,00,000/- രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചു. വസ്തുവിന്റെ പ്രമാണം തിരുത്തി പുതുതായി രജിസ്റ്റർ ചെയ്യാൻ ഫീസ് നല്കേണ്ടി വരുമെന്നതിനാൽ ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാലാണ് പ്രമാണത്തിൽ തിരുത്തൽ വരുത്തി വീണ്ടും രജിസ്റ്റർ ചെയ്യാൻ കഴിയാത്തതെന്നും മറുപടിയിൽ വിശദീകരിച്ചിരിക്കുന്നു.

ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2,25,000/-രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന് തിരുത്തൽ പ്രമാണം ചമയ്ക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-33 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല

1) വി.ഇ.ഒ സർക്കിൾ 2 നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ (എസ്.സി) അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പ്രതിഭ, കരിക്കകത്ത് വീട്, നെടുംപറമ്പ് | 23.11.23 | 40,000/- |
| | | 8.2.24 | 1,60,000/- |
| | | 8.7.24 | 1,00,000/- |
| | | 14.3.25 | 60,000/- |
| 2 | മിനി ഷീബാഭവൻ നെടുംപറമ്പ് | 23.11.23 | 40,000/- |
| | | 31.3.24 | 1,60,000/- |
| | | 12.8.24 | 1,00,000/- |
| | | 14.3.25 | 60,000/- |

2) വി.ഇ.ഒ സർക്കിൾ 1 നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ ജനറൽ, എസ്.സി അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റി 6 മാസം കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അശോകൻ, ചരുവിളപുത്തൻ വീട്, കണ്ണേലിക്കോണം (എസ് സി വിഭാഗം) | 19.7.23 | 40,000 |
| | | 20.1.24 | 1,60,000 |
| | | 11.7.24 | 1,00,000 |
| 2 | ആര്യ. എ.എം, എ.എം.ഭവൻ, വഞ്ചിയൂർ (എസ് സി വിഭാഗം) | 2.11.23 | 40,000 |
| | | 16.11.24 | 1,60,000 |
| | | 17.12.24 | 1,00,000 |
| 3 | സജിത എസ് സജിത ഭവൻ, മേവർക്കൽ (എസ് സി വിഭാഗം) | 18.2.25 | 40,000 |
| | | 15.3.25 | 1,60,000 |
| 4. | ബേബി ഗിരിജ എസ് ബി നിവാസ് നെടുംപറമ്പ് (ജനറൽ) | 7.2.24 | 40,000 |
| | | 29.1.25 | 1,60,000 |
| | | 21.3.25 | 1,00,000 |
| 5 | സുജില എസ് സുധി ഭവൻ എടുക്കാട് | 27.3.23 | 40,000 |
| | | 4.9.23 | 1,60,000 |
| | | 3.2.25 | 1,00,000 |

(എസ് സി വിഭാഗം)

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/13.1.26) ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ നിർദ്ദേശം നല്കി കൊണ്ട് കത്ത് അയച്ചിട്ടുണ്ടെന്നും എത്രയും വേഗം പണി പൂർത്തീകരിച്ച് അറിയിക്കുന്നതാണെന്നും മറുപടി നല്കി. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-34 അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതി - അപാകതകൾ

2024-25 വർഷം അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 113 പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. അതിൽ 80 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആകെ 6,24,91,097/- രൂപ അടങ്കൽ വകയിരുത്തിയതിൽ 4,04,90,704/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലെയും റോഡ് വർക്കുകൾക്ക് വകയിരുത്തിയ തുകയും ചെലവ് തുകയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഓരോ വാർഡിലും റോഡ് വർക്കുകൾക്ക് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ.

| വാർഡ് നം. | അടങ്കൽ തുക | ചെലവ് തുക | ആകെ ശതമാനം |
|---|---|---|---|
| 1 | 27,15,073 | 19,89,247 | 73.27 |
| 2 | 28,68,403 | 18,61,553 | 64.90 |
| 3 | 41,23,512 | 16,22,464 | 39.35 |
| 4 | 24,70,119 | 22,86,214 | 92.55 |
| 5 | 13,41,789 | 8,97,326 | 66.68 |
| 6 | 12,64,323 | 12,50,871 | 98.94 |
| 7 | 18,44,853 | 18,36,679 | 99.56 |
| 8 | 18,81,656 | 17,73,296 | 94.24 |
| 9 | 7,78,239 | 3,00,478 | 38.61 |
| 10 | 38,74,996 | 36,20,814 | 93.44 |
| 11 | 31,37,331 | 29,91,651 | 95.36 |
| 12 | 19,36,083 | 11,66,753 | 60.26 |
| 13 | 8,64,200 | 7,92,997 | 91.76 |
| 14 | 18,06,894 | 14,73,569 | 81.55 |
| 15 | 28,05,172 | 27,79,752 | 99.09 |
| 16 | 15,63,806 | 15,63,806 | 100 |
| 17 | 17,80,491 | 16,49,018 | 92.62 |
| 18 | 19,60,245 | 19,60,245 | 100 |

2024-25ൽ രൂപീകരിച്ച ആകെ പദ്ധതി അടങ്കലിൽ 64.79% മാത്രമാണ് ചെലവായിട്ടുള്ളത്. പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 84/2022/ തസ്വ ഭവ തീയതി 19.4.22 ഖണ്ഡിക 2.4(3) ൽ തദ്ദേശ ഭരണ സ്ഥാപന ഭൂപ്രദേശത്തിന്റേയും അവിടുത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യമെന്നും ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി പാർശ്വവത്കരിക്കപ്പെട്ടവർ കൂടി ഉൾപ്പെട്ട വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തിയുള്ള ആസൂത്രണമാകണം നടപ്പിലാക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 9, 13, 6, 5 എന്നീ വാർഡുകളിൽ 16,00,000/- രൂപയ്ക്ക് താഴെ തുകയാണ് അടങ്കൽ വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 3, 10, 11, 15 എന്നീ വാർഡുകളിൽ 25,00,000/- രൂപയ്ക്ക് മുകളിൽ വകയിരുത്തി ചെലവ് ചെയ്തിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത റോഡുകളും നടപ്പിലാക്കിയതായി കാണുന്നു. ഏതാനും ഉദാ: ചുവടെ

1) കൈപ്പടക്കോണം കൊട്ടളമുക്ക് റോഡ് മെയിന്റനൻസ് (വാർഡ് 3) 2,25,585/-

2) കൊട്ടളമുക്ക് കൊണ്ണൂറി സൈഡ് വാൾ നിർമ്മാണം (വാർഡ് 3) 2,29,105/-

3) പ്ലാവില റോഡിന് കൈവരി സ്ഥാപിക്കൽ (വാർഡ് 6) 2,51,241/-

4) കൊക്കോട്ടുകോണം പെരുന്തോട്ടത്തിൽ വാതുക്കൽ റോഡ് മെയിന്റനൻസ് (വാർഡ് 14) 7,19,632/-

ഫണ്ടുകൾ വകയിരുത്തുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ ഗണ്യമായ അന്തരം നിലനില്ക്കുന്നതിനുള്ള കാരണം, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത റോഡുകൾ നടപ്പിലാക്കിയതിനുള്ള കാരണം എന്നിവ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 43/17.1.26) ചില വാർഡുകളിൽ സ്പിൽഓവർ പദ്ധതികൾ ഉൾപ്പടെ നടപ്പിലാക്കേണ്ടി വന്നതിനാലാണ് ഫണ്ട് കൂടുതൽ വകയിരുത്തേണ്ടി വന്നതെന്നും സ്പിൽഓവർ പദ്ധതികൾ ഇല്ലാത്തതിനാലാണ് ചില വാർഡുകളിൽ ഫണ്ട് കുറച്ച് വകയിരുത്തിയതെന്നും മറുപടി നല്കി. കൂടാതെ വരും വർഷങ്ങളിൽ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം അനുസരിച്ച് മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഓരോ വാർഡിനും മതിയായ പ്രാതിനിധ്യം നല്കി അത്തരത്തിൽ ഫണ്ട് അനുവദിച്ച് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം പരിഗണിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ

കരവാരം ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ 1/06.01.26 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നിന്ന് വിശദ വിവരം ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (രൂ.) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂ.) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂ.) | റിമാർക്സ് |
|---|---|---|---|---|
| 15 | 84,000 | 84,000 | ഇല്ല | ഇല്ല |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കി യിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) (രൂ.) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂ.) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂ.) | റിമാർക്സ് |
|---|---|---|---|---|
| - | - | - | - | - |

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 09/2024 | ഈടാക്കിയില്ല | - | - | - |

## 4-2 സംയുക്തപ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | വരവ് | പ്രോജക്ട് | | ചെലവഴിച്ച തുക/ തിരിച്ചടച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| | | | | നം | പേര് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 0 | 8,000 | 115 | പുഷ്പകൃഷി | 8,000 | 0 |
| | | 0 | 3,04,266 | 181 | കേദാരം സമഗ്രനെൽക്കൃഷി (SO) | 3,04,266 | 0 |
| | | 0 | 7,30,422 | 44 | കേദാരം സമഗ്രനെൽക്കൃഷി (New) | 7,30,422 | 0 |
| | | 0 | 13,60,000 | 95 | ലൈഫ് മിഷൻ ഭവനനിർമ്മാണം | 13,60,000 | 0 |
| | | 0 | 28,90,000 | 150 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് SC | 28,90,000 | 0 |
| | | 0 | 3,54,000 | 22 | സ്നേഹസ്പർശം | 3,54,000 | 0 |
| | | 0 | 7,20,000 | 249 | ലൈഫ് ഭവനനിർമ്മാണം SC(SO) | 7,20,000 | 0 |
| | | 0 | 69,741 | 34 | ക്ഷീരസമൃദ്ധി | 69,741 | 0 |
| | ആകെ | | **64,36,429** | | | **64,36,429** | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 0 | 7,000 | 195 | ഹരിതഭവനം | 7,000 | 0 |
| | | 0 | 3,03,246 | 181 | കേദാരം സമഗ്രനെൽക്കൃഷി (SO) | 3,03,246 | 0 |
| | | 0 | 7,30,422 | 44 | കേദാരം സമഗ്രനെൽക്കൃഷി (New) | 7,30,422 | 0 |
| | | 0 | 3,54,000 | 22 | സ്നേഹസ്പർശം | 3,54,000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 0 | 40,000 | 249 | ലൈഫ് ഭവനനിർമ്മാണം SC(SO) | 40,000 | 0 |
| | | 0 | 99,594 | 34 | ക്ഷീരസമൃദ്ധി | 99,594 | 0 |
| | ആകെ | | **15,34,262** | | | **15,34,262** | |

വാർഷികധനകാര്യപത്രിക പ്രകാരം

| | 2023 -24 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 24-25 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 12,89,532 | 15,34,262 | 28,23,794 | 64,36,429 | 12,89,532 | 0 ** |
| ജില്ലാ പഞ്ചായത്ത് | 1,43,773 | 64,36,429 | 65,80,202 | 15,34,262 | 1,43,773 | 0 ** |

** വ്യത്യാസത്തിനുള്ള കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10) ക്ക് ബാക്കി നിന്ന തുക 30.03.24ൽ സർക്കാർ പിൻവലിച്ചിട്ടുണ്ടെന്നും ഓഡിറ്റ് നിർദ്ദേശം മുഖേനയാണ് ഇപ്രകാരം തിരുത്തിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾ

സുലേഖ ചെലവു പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | | മുൻകൂർ നൽകിയ തുക | തൻവർഷം ചെലവഴിച്ച തുക) വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | നം. | പേര് | | | |
| കെ.എസ്.ഇ.ബി | 136<br>356 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ<br>സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 1,82,582<br>1,98,244 | | 3,80,826 |
| ഭൂജല വകുപ്പ് | 134<br>278<br>355 | കുഴൽക്കിണർ നിർമ്മാണം - വാർഡ് 6, 12<br>വിവിധ വാർഡുകളിൽ കുഴൽക്കിണർ റീമെയിന്റനൻസ്<br>വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 4,99,970<br>4,00,000<br>11,53,125 | 2,50,000 | 18,03,095 |

വാർഷികധനകാര്യപത്രിക പ്രകാരം

| | മുന്നിരിപ്പ് | 2024-25 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2024-25 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 33,55,928 | 3,80,826 | 37,36,754 | - | 37,36,754 | 35,54,172 |
| വാട്ടർ അതോറിറ്റി | 1,51,58,994 | - | 1,51,58,994 | - | 1,51,58,994 | 1,51,58,994 |
| അനെർട്ട് | 4,95,000 | - | 4,95,000 | - | 4,95,000 | 4,95,000 |
| ഭൂജല വകുപ്പ് | 16,15,369 | 20,53,095 | 36,68,464 | 7,66,337* | 29,02,127 | 23,68,374 |

* ഭൂജലവകുപ്പിന് നൽകിയ നിക്ഷേപത്തുകയിൽ 17,00,590/- രൂപ വിനിയോഗിച്ചതായി ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 13,00,090/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് സ്ഥാപനത്തിൽ ലഭ്യമായുള്ളത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പാ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP-31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവു പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 3,76,80,261/- | 5,01,188/- | 3,81,81,449/- | 32,89,485/- | 3,48,91,964/- |

## 4-6 സ്ഥിരനിക്ഷേപം

| FD നം. | തുക | പലിശ നിരക്ക് | നിക്ഷേപത്തീയതി | മെച്യൂരിറ്റി തുക | ബാങ്ക് |
|---|---|---|---|---|---|
| 0330012 | 50,00,000/- | 7.3% | 27.03.2024 | 54,56,779/- | Canara Bank |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | 2014-15 | 5.7.2 | തദ്ദേശഭരണസ്ഥാപനങ്ങളുടെ മൃഗസംരക്ഷണ, ക്ഷീരവികസനമേഖല ചെലവഴിക്കലുകൾ തൃപ്തികരമല്ല | |
| | 2014-15 | 5.7.3 | പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയിൽ തദ്ദേശസ്ഥാപനങ്ങൾ പിന്നിൽ | |
| | 2014-15 | 5.7.7<br>അനുബന്ധം 5(2) | ട്രിവീസിനു പകരം വൈദ്യുതി പോസ്റ്റും ഹുക്കും;<br>വെറ്ററിനറി സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ | |
| | 2014-15 | 5.7.12 | കന്നുകുട്ടി പരിപാലന പദ്ധതി - ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിൽ കാലതാമസം; വികസനഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചു | |
| | 2014-15 | 5.7.14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല | |

## 4-9. ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്തവിവരം**

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 4,23,22,139/- |
| ഓഡിറ്റ് വർഷത്തെ വരവ് | 8,79,87,792/- |
| ആകെ | 13,03,09,931/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,61,28,864/- |
| നീക്കിയിരിപ്പ് | 5,41,81,067/- |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | - |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,53,095/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വരവിനത്തിലെ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 1,935/- | ശ്രീ. കെ.വി. സുരേഷ് സെക്രട്ടറി |
| | 20,51,160/- | ശ്രീ. എഡ്വിൻ ബെഞ്ചമിൻ, സെക്രട്ടറി |
| ആകെ | 20,53,095/- | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.വി. സുരേഷ് സെക്രട്ടറി | | ദിവ്യശ്രീ, നെട്ടയം |
| ശ്രീ. എഡ്വിൻ ബെഞ്ചമിൻ, സെക്രട്ടറി | | കരുണ, ശ്രീകൃഷ്ണപുരം, പൗഡിക്കോണം പി.ഒ. |

## 4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11<br>2011-12 | കെ.എസ്.എ.റ്റിവി.എം./ ജി.പി. 11/1939/2022 തീയതി 15.10.2022 | 5 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2015-16 | | 4 |
| 2016-17 | | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/445/2019 തീയതി 16.10.2019 | 15 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/775/2020 തീയതി 05.10.2020 | 12 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/ 1948/2021 തീയതി 26.02.2022 | 38 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/749/2022 തീയതി 23.06.2022 | 41 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/341/2023 തീയതി 27.03.2022 | 54 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1858/2023 തീയതി 24.12.2023 | 83 |
| 2023- 24 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1639/24 | 55 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 14-07-2025 and submitted on 16-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Karavaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Karavaram Grama Panchayat as on 31-03-2025

**Date: 10/02/2026** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Karavaram Grama Panchayat for the Year 2024-2025.

### 1.Major Observations

### 2.Other Observations

1. The annual ratios as required under Rule 62(2)(f) of the Kerala Panchayat Raj (Accounts) Rules, 2011, and the Notes to Accounts prescribed under Rule 62(2)(f) have not been prepared and submitted along with the Annual Financial Statements.

2. The adjusted B-1 Schedule showing the results of operations for the current year has not been submitted along with the Annual Financial Statements.

3. As per Rule 17(2) of the Kerala Panchayat Raj (Accounts) Rules, the Panchayat shall record the monthly demand for each item of accruable income through journal entries. However, the Panchayat has not raised monthly demands for Property Tax and Profession Tax. The entries have been recorded only at the end of the financial year 2024-25.

4. As per Rule 58(4)(a) of the Kerala Panchayat Raj (Accounts) Rules, a physical verification and reconciliation of stock shall be conducted at the end of each financial year. However, under Schedule B-14 of the Annual Financial Statements, the Stock in Hand has been recorded as nil.

5. Amount shown as collection and balance of property tax in Annual Financial statements does not match with those shown in Sanchaya Software.

6. As per Rule 28 of the Kerala Panchayat Raj (Accounts) Rules, the Panchayat shall make provisions at the end of each financial year for expenses incurred but not yet paid. The cut-off date for determining such provisions shall be 30 days prior to the date of preparation of the Annual Financial Statements. However, for the financial year 2024 -25, no provision has been created in the Balance Sheet for expenses that could not be completed within the year (e.g., honorarium to elected representatives, fuel expenses, etc.).

7. Expenditure amount of various grants depicted in grant statement and annual financial statement does not match.

8. The Assistant Engineer has certified payment of part bills for capital works during the year. But these amounts have not been included in the head-capital work in progress in the Annual financial statement.

9. Expenditure met from maintenance grant has been been recorded as capital expenditure in AFS

10. The receipt and payment amount of MNREGS as shown in the AFS does not match with that in the concerned cash book.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്